# പ്രതീക്ഷയുടെ പൂമൊട്ടുകൾ



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



**വിശുദ്ധിയുടെ മാതൃകയായ**
**മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധിയിൽ വളർന്നുവരുവാൻ**
**ഞങ്ങളെ സഹായിക്കണമേ**

അപ്പസ്തോലന്മാരുടെ ഹൃദയങ്ങളെ വിശുദ്ധീകരിക്കുന്ന അരൂപിയെ അവർ കാത്തിരുന്നപ്പോൾ അവർക്കുവേണ്ടി വിശുദ്ധിയാകുന്ന ദാനം നീ യാചിച്ചുവല്ലോ. പരിശുദ്ധനായ പിതാവിനാൽ വിശുദ്ധരുടെ രാജ്ഞിയായി മുടിധരിപ്പിക്കപ്പെട്ടവളേ, ഞങ്ങളെ വിശുദ്ധരാക്കി മാറ്റുന്നതിനുള്ള മാധ്യസ്ഥ്യം സ്വർഗ്ഗത്തിൽ ഇന്നും നീ തുടരുന്നുവല്ലോ! പരിശുദ്ധ മറിയമേ, ഞങ്ങളുടെ അമ്മേ, വിശുദ്ധരല്ലാത്ത ഞങ്ങൾ നിന്നെ വിളിച്ചപേക്ഷിക്കുന്നു. പരി. അമ്മേ, നിന്റെ പുത്രന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സന്തോഷവും പിതാവിന്റെ പരിപൂർണ്ണതയുടെ നിശ്വസനവും വിശുദ്ധരുടെ രാജ്യത്തിൽ ഞങ്ങളും എത്തിച്ചേരുമെന്ന പ്രതീക്ഷയും ഞങ്ങൾക്ക് പ്രദാനം ചെയ്യേണമേ.

ആമ്മേൻ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 2 ശ്ലീഹാ-കൈത്താ ലക്കം 2010

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).

## ഉള്ളടക്കം


- പുരോഹിതൻ: ദൈവമനുഷ്യൻ 3
- പച്ചപ്പുള്ള ഓർമ്മകളാവാം 5
- മനുഷ്യ വിഭവശേഷി എന്ന മൂലധനം 6
- തടസ്സങ്ങളിലും പ്രതീക്ഷയോടെ 8
- എന്നെ നിങ്ങൾ അറിയുമോ? 11
- അറിവ് അനുഭവമായിതീരുന്നുണ്ടോ? 13
- മതിലും വാതിലും 15
- കൈകൾ കൂപ്പി പ്രാർത്ഥിക്കുമ്പോൾ 17
- വരനെക്കാൾ മൂത്ത വധു 18
- ദൈവസ്വരത്തിനു കാതോർത്ത്... 20
- ഘടികാരം 22
- വിശുദ്ധമീ യൗവ്വനം 23
- ധന്യ 26
- നിശബ്ദതയിൽ ഫലമുളവാക്കുന്ന വചനം 27
- പുത്തൻ ഉടുപ്പുമായ് 28
- വിളവെടുപ്പു കാലം 32



സ്പിരിച്ചൽ ഡയറക്ടർ:
**റവ. ഫാ. മാത്യു വെള്ളാനിക്കൽ**

ചീഫ് എഡിറ്റർ:
**ഷിനി മുതുപ്ലാക്കൽ എ.ഒ.**

എഡിറ്റോറിയൽ ബോർഡ്:
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**റ്റെസി കറുകപ്പറമ്പിൽ എ.ഒ.**
**ഷീലമ്മ പൂതക്കുഴി എ.ഒ**

അഡ്വൈസറി ബോർഡ്:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

സർക്കുലേഷൻ മാനേജർ:
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**



**വാർഷിക വരിസംഖ്യ -50/-**

ലേഔട്ട് & പ്രിന്റിങ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി.ഒ.,**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: prosanctity@gmail.com**



## എഡിറ്റോറിയൽ

# മാറ്റം വളർച്ചയിലേക്കോ...

ഈ ലോകത്തിലുള്ളതെല്ലാം-മനുഷ്യനും പ്രകൃതിയും സമൂഹവും സംസ്കാരങ്ങളും-മാറ്റങ്ങൾക്ക് വിധേയമാണ്. നന്മയെ ലക്ഷ്യമാക്കിയുള്ള മാറ്റങ്ങൾ പ്രോത്സാഹജനകമാണ്.

പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുശേഷം ശ്ലീഹന്മാരിലുണ്ടായ മാറ്റം അത്ഭുതാവഹമായിരുന്നു. മൂന്നു വർഷങ്ങൾ കൂടെ നടന്ന് ഗുരുമുഖത്തുനിന്ന് പാഠങ്ങൾ പഠിക്കുകയും അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും സാക്ഷികളാവുകയും ചെയ്തിട്ടും ക്രിസ്തുശിഷ്യത്വത്തിന്റെ പൊരുളുകളുടെ ചുരുൾ നിവർത്താൻ അവർക്കായില്ല. സൗഹൃദത്തിന്റെ തേരിലേറ്റി കൂടെക്കൊണ്ടുനടന്നവനെ ശത്രുക്കളുടെ മധ്യേ ഉപേക്ഷിച്ച് ഇരുളിലേക്ക് ഓടിമറയാനും പരിചയഭാവം പോലുമില്ലാതെ തള്ളിപ്പറയാനും തക്കവിധം ഭയം അവരെ വലയം ചെയ്തിരുന്നു.

ഉത്ഥിതനെ കണ്ടിട്ടും ഉത്ഥാനാനന്തരമുള്ള അത്ഭുതങ്ങൾ കണ്ടിട്ടും വിശ്വാസത്തിലുറയ്ക്കാതെ യഹൂദരെ ഭയന്ന് അടച്ചിട്ട മുറിയുടെ സുരക്ഷിതത്വത്തിൽ അഭയം തേടിയ ശ്ലീഹന്മാർ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പുതിയ മനുഷ്യരായി. തള്ളിപ്പറഞ്ഞവർ പിന്നീട് ഈശോയുടെ പ്രഘോഷകരായി. പ്രാണഭയത്താൽ പലായനം ചെയ്തവർ മിശിഹായ്ക്കുവേണ്ടി ജീവൻ ത്യജിക്കാൻപോലും തയ്യാറായി. പിന്നീട് വളർച്ചയിലേക്കുള്ള ഒരു മാറ്റത്തിന്റെ ചരിത്രമാണ് തിരുസ്സഭയിൽ നാം കാണുന്നത്.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, ശ്ലീഹന്മാരുടെ മിശിഹാനുഭവം സ്വന്തമാക്കി, സുവിശേഷപ്രഘോഷണത്തിൽ പങ്കുചേർന്ന് സഭയുടെ വളർച്ചയെ ലക്ഷ്യമാക്കി നീങ്ങുന്ന ആരാധനക്രമവത്സരകാലങ്ങളിലൂടെ നാം കടന്നുപോകുകയാണല്ലോ. നാമോരോരുത്തരും ഉൾക്കൊള്ളുന്ന വിശ്വാസികളുടെ സമൂഹമാണ് സഭ. വ്യക്തിയുടെ വളർച്ച കുടുംബത്തിന്റെ വളർച്ചയാണ്; കുടുംബങ്ങളുടെ വളർച്ച സഭയുടെ വളർച്ചയാണ്; സഭയുടെ വളർച്ച സമൂഹത്തിന്റെ വളർച്ചയാണ്. ആത്മീയതലത്തിൽ മാത്രമല്ല, നമ്മിലുണ്ടാകുന്ന സമഗ്രമായ മാറ്റം വളർച്ചയിലേയ്ക്കോ തളർച്ചയിലേയ്ക്കോ എന്ന് നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

നമ്മിലുണ്ടാകുന്ന മാറ്റം നിഷേധാത്മകമാകാതെ നന്മയിലേയ്ക്ക് വളരുന്നതും മറ്റുള്ളവരെ വളർത്തുന്നതുമാകട്ടെ.

**ഷിനി മുതുപ്ലാക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**





പൗരോഹിത്യആധ്യാത്മികത

# പുരോഹിതൻ: ദൈവമനുഷ്യൻ

**ഡോ. മാത്യു വെള്ളാനിക്കൽ**

"ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. ദൈവമായിരുന്നു ആ വചനം... വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു" (യോഹ 1:1,14). നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യവ്യക്തിത്വത്തിലേക്ക് വിരൽചൂണ്ടുന്ന യോഹന്നാൻ സുവിശേഷകന്റെ വാക്കുകളാണ് ഇവ. ദൈവത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയാണ് പൗരോഹിത്യമെങ്കിൽ, അത് പൂർണ്ണമായ അർത്ഥത്തിൽ യാഥാർത്ഥ്യമായത് സത്യദൈവവും സത്യമനുഷ്യനുമായ ഈശോമിശിഹായിലാണ്.

സുവിശേഷങ്ങളിൽ മിശിഹാ 'പുരോഹിതൻ' എന്ന് പ്രത്യക്ഷത്തിൽ വിശേഷിപ്പിക്കപ്പെടുന്നില്ല. എന്നാൽ ദൈവത്തിനും മനുഷ്യർക്കുമിടയ്ക്കുള്ള മദ്ധ്യസ്ഥൻ എന്ന നിലയിൽ അവിടുത്തെ പുരോഹിതവ്യക്തിത്വത്തിന്റെ രണ്ടു വശങ്ങൾ സുവിശേഷങ്ങളിൽ വ്യക്തമായി കാണാം: *അധികാരവും ശുശ്രൂഷയും*. 'ശുശ്രൂഷ' അവിടുത്തെ മനുഷ്യത്വത്തിന്റെ പ്രകാശനമാണെങ്കിൽ 'അധികാരം' ദൈവത്വത്തിന്റെ പ്രതിഫലനമാണ്. നിത്യപുരോഹിതനായ ഈശോയെക്കുറിച്ച് ഹെബ്രായ ലേഖനത്തിൽ പറയുന്നത് ഇതിനെ സ്ഥിരീകരിക്കുന്നു. "സ്വർഗ്ഗത്തിലേക്കു കടന്നുപോയ ശ്രേഷ്ഠനായ ഒരു പ്രധാന പുരോഹിതൻ, ദൈവപുത്രനായ ഈശോ, നമുക്കുള്ളതുകൊണ്ട് നമ്മുടെ വിശ്വാസത്തെ നമുക്ക് മുറുകെപ്പിടിക്കാം. നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്തു സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാന പുരോഹിതനല്ല നമുക്കുള്ളത്" (ഹെബ്രാ 4:14-15). പുരോഹിതൻ തന്റെ ജനത്തിന്റെ ശുശ്രൂഷകനാവണം. കാരണം ദൈവം ജനത്തിന്റെ നന്മ ആഗ്രഹിക്കുന്നവനാണ്. പുരോഹിതന് തന്റെ ശുശ്രൂഷ ഫലപ്രദമാക്കണമെങ്കിൽ അതിനുള്ള അധികാരം വേണം. ദൈവത്തിനു ജനങ്ങളുടെമേലുള്ള അധികാരത്തെയും പുരോഹിതൻ പ്രതിനിധീകരിക്കുന്നു.

> ദൈവത്വവും മനുഷ്യത്വവും തമ്മിൽ സമന്വയിപ്പിക്കുന്ന ദൈവമനുഷ്യനാണ് പുരോഹിതൻ

### ഈശോയുടെ ശുശ്രൂഷാജീവിതം

ഈശോയുടെ ജീവിതത്തിൽ ഉടനീളം നാം കാണുന്ന ഒരു പ്രതിഭാസമാണ് ശുശ്രൂഷ. തന്റെ മനുഷ്യാവതാരത്തെ വി. പൗലോസ് ശ്ലീഹാ വിശേഷിപ്പിക്കുന്നത് 'ദാസന്റെ രൂപം സ്വീകരിക്കൽ' എന്നാണ് (ഫിലി 2:7). പരസ്യജീവിതത്തിൽ അവിടുന്നു നല്കിയ പ്രബോധനങ്ങളും ചെയ്ത അത്ഭുതങ്ങളുമെല്ലാം ജനനന്മയ്ക്ക് ഉതകുന്ന ശുശ്രൂഷകളായിരുന്നു. തന്റെ മഹത്ത്വത്തിൽ ഇടത്തും വലത്തും ഇരിക്കാൻ അനുവാദം തേടിക്കൊണ്ട് തന്നെ സമീപിച്ച സെബദീപുത്രന്മാരെയും ശിഷ്യന്മാരെല്ലാവരെയും ഉപദേശിച്ചുകൊണ്ട് ഈശോ പറഞ്ഞ വാക്കുകൾ തന്റെ വ്യക്തിത്വത്തിന്റെ ശുശ്രൂഷാ സ്വഭാവത്തെ വ്യക്തമാക്കുന്നവയാണ്: "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരി

ക്കണം. മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രെ" (മർക്കോ 10:43-45). ജീവിതാന്ത്യത്തോടടുത്തപ്പോൾ, തന്റെ പീഡാനുഭവത്തെയും മരണത്തെയും പ്രഖ്യാപിച്ചുകൊണ്ട് അവിടുന്നു നിർവ്വഹിച്ച പാദം കഴുകൽ ശുശ്രൂഷ ഈശോയുടെ ശുശ്രൂഷാജീവിതത്തിന്റെ പൂർത്തീകരണത്തെ സൂചിപ്പിക്കുന്ന ഒരടയാളമായിരുന്നു.

### ശുശ്രൂഷാ പൗരോഹിത്യം

ഈശോയുടെ പൗരോഹിത്യം സഭയിൽ തുടരുന്നത് രണ്ടുതലങ്ങളിലാണ്. ഒന്ന്, മാമ്മോദീസാ സ്വീകരിച്ച് സഭയുടെ അംഗങ്ങളായിത്തീർന്ന എല്ലാവരും ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന രാജകീയ പൗരോഹിത്യതലം: "എന്നാൽ നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്" (1 പത്രോസ് 2:9). രണ്ട്, ശ്ലീഹന്മാരുടെ പിൻഗാമികളും സഹപ്രവർത്തകരുമായ മെത്രാന്മാരും വൈദികരും ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷാ പൗരോഹിത്യതലം: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു...നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20:21-23). ഈശോയുടെ പൗരോഹിത്യ ശുശ്രൂഷ തുടരുവാൻ നിയുക്തരായ വൈദികരുടെ പൗരോഹിത്യം 'ശുശ്രൂഷാ പൗരോഹിത്യം' എന്നറിയപ്പെടുന്നത് തികച്ചും അർത്ഥവത്താണ്.



### ഈശോയുടെ അധികാരം

ഈശോയുടെ ശുശ്രൂഷ ആരംഭിച്ചപ്പോൾത്തന്നെ ശ്രദ്ധിക്കപ്പെട്ട ഒന്നാണ് അവിടുത്തെ അധികാരം: "നിയമജ്ഞരെപ്പോലെയല്ല, അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്" (മർക്കോ 1:22). സത്യം പ്രഘോഷിക്കുവാൻ തനിക്ക് അധികാരമുണ്ടെന്നു തോന്നത്തക്കവിധമാണ് അവിടുന്നുപഠിപ്പിച്ചിരുന്നത്. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" എന്ന മുഖവുര (യോഹ 3:3,5; 6:26) ഇതിന്റെ സൂചനയാണ്. മനുഷ്യരുടെമേൽ മാത്രമല്ല പിശാചുക്കളുടെമേലും ഈശോ അധികാരം പ്രയോഗിച്ചിരുന്നു: "ഇതെന്ത്? അധികാരത്തോടെയുള്ള പുതിയ പ്രബോധനമോ? അശുദ്ധാത്മാക്കളോടുപോലും അവൻ ആജ്ഞാപിക്കുന്നു. അവ അനുസരിക്കുകയും ചെയ്യുന്നു" (മർക്കോ 1:27).


യഹൂദപൗരോഹിത്യം കൈകാര്യം ചെയ്തിരുന്നവരെ ഏറ്റം അസ്വസ്ഥതപ്പെടുത്തിയത് ഈശോ ദൈവാലയത്തിന്റെ മേൽപോലും അധികാരം അവകാശപ്പെട്ടു എന്നതാണ്. ജറൂസലേം ദൈവാലയം അശുദ്ധമാക്കിയവരെ പുറത്താക്കിയിട്ട്, "അവൻ അവരെ പഠിപ്പിച്ചു. എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിട്ടില്ലേ?" (മർക്കോ 11:17-18). യഹൂദ പൗരോഹിത്യത്തിന്റെ അധികാര സീമയെയും അതിലംഘിക്കുന്ന ഒരു അധികാരം ഈശോ ഇവിടെ അവകാശപ്പെടുന്നു. മറ്റുവാക്കുകളിൽ, പഴയനിയമ പൗരോഹിത്യത്തെ മാറ്റിസ്ഥാപിക്കുന്ന പുതിയനിയമ പുരോഹിതനായി ഈശോ സ്വയം പ്രഖ്യാപിക്കുകയാണ്.

### അജപാലന ശുശ്രൂഷയും അധികാരവും

മിശിഹായുടെ പൗരോഹിത്യം ശ്ലീഹന്മാരിലൂടെ സഭയിലേക്കു കടന്നുവന്നപ്പോൾ ആ പൗരോഹിത്യത്തിൽ പങ്കുചേർന്നവരെ 'പ്രസ്ബിത്തെരോയി' അഥവാ 'ശ്രേഷ്ഠന്മാർ' എന്നും അവരുടെ ദൗത്യത്തെ അജപാലന ശുശ്രൂഷ എന്നുമാണ് പുതിയനിയമം വിശേഷിപ്പിച്ചത് (ശ്ലീഹ നട 20:28). നല്ല ഇടയനായ മിശിഹായുടെ പൗരോഹിത്യ ശുശ്രൂഷയാണ് അതുവഴി അവർ നിർവ്വഹിക്കുന്നത് എന്ന് പ്രസ്തുത സന്ദർഭങ്ങൾ വ്യക്തമാക്കുന്നുണ്ട്. പത്രോസ് തന്റെ ഒന്നാം ലേഖനത്തിൽ ശ്രേഷ്ഠന്മാരെ അവരുടെ അജപാലന ധർമ്മത്തെക്കുറിച്ച് അനുസ്മരിപ്പിക്കുന്നതോടൊപ്പം ഇടയന്മാരുടെ തലവനായ മിശിഹായുടെ പൗരോഹിത്യ ശുശ്രൂഷയിൽ പങ്കുചേരുന്നവരെന്നനിലയിൽ അവിടുത്തെ മഹത്ത്വത്തിലും പങ്കുചേരുവാൻ സാധിക്കുമെന്ന് അവർക്ക് ഉറപ്പു കൊടുക്കുന്നതായി കാണാം. (1 പത്രോ 5:1-4). 'അജപാലന ശുശ്രൂഷ' അതിൽത്തന്നെ 'അജപാലനാധികാരവും' ഉൾക്കൊള്ളുന്നു. അതുകൊണ്ട് ദൈവത്വവും മനുഷ്യത്വവും തമ്മിൽ സമന്വയിപ്പിക്കുന്ന ദൈവമനുഷ്യനാണ് പുരോഹിതൻ എന്നു പറയാം.







# പച്ചപ്പുള്ള ഓർമ്മകളാവാം

നെവിൻ മങ്ങാട്ട്

ഞങ്ങൾ രണ്ടാളും സ്കൂളിലെ കുട്ടികളെക്കുറിച്ച് സംസാരിച്ചു നടക്കുകയാണ്. ഫിലോമി ടീച്ചർ, അവരുടെ സ്കൂളിൽ താരമായി വിളങ്ങുന്ന, വേണമെങ്കിൽ ഓസ്ക്കാർ അവാർഡ് പോലും നേടിയെടുക്കാൻ വിരുതുള്ള ഒരു പയ്യനെപ്പറ്റി വിശദീകരിച്ചു... സ്കൂളിൽ ടീച്ചറിന് തലവേദന... 'അരുത്' എന്ന് നിർദ്ദേശിക്കുന്ന കാര്യങ്ങൾ മാത്രം ആവർത്തിക്കുന്ന കുട്ടി. ഒരുദിവസം ക്ലാസ്സ്മുറിയിൽ കുട്ടികളുടെ മധ്യേനിന്ന് "ഹാൻസ് പാക്കറ്റ്" പൊട്ടിച്ച് 'ശ്രീനിവാസൻ' സ്റ്റൈലിൽ കയ്യിലേക്ക് പൊടി തട്ടി വായിലിട്ട് മുട്ടാളനാകാൻ ശ്രമിച്ചവൻ. ടീച്ചർ കയ്യോടെ പിടികൂടി, വീട്ടിൽനിന്ന് വിളിപ്പിച്ചു. അവന്റെ അമ്മ സ്റ്റാഫ് റൂമിൽ ആഗതയായി. ഗവ. ഉദ്യോഗസ്ഥയെപ്പോലെ വിളിപ്പിച്ച വിവരം ആരാഞ്ഞു. കുട്ടി തകൃതിയായി നടത്തുന്ന വികൃതികൾ വിളമ്പിയപ്പോൾ, അമ്മയുടെ കുസൃതി നിറഞ്ഞ മറുപടി കേട്ട് ടീച്ചർ ഞെട്ടി. മൂന്നാം കേൾവിക്കാരിയായ ഞാനും ഞെട്ടി. എന്തെന്നല്ലേ...'ഹോ! ഈ നിസ്സാരകാര്യത്തിനാണോ എന്നെ ഇവിടം വരെ വിളിച്ചുവരുത്തി എന്റെ സമയം പാഴാക്കിയത്...വീട്ടിൽ അപ്പനും മക്കളും ഒരുമിച്ചിരുന്ന് വെള്ളമടിക്കുന്നു അപ്പോഴാ ഒരിത്തിരി പൊടിതിന്നത്....നാശങ്ങൾ....എന്റെ സീരിയലും നഷ്ടമായി..."

മാതാപിതാക്കൾ മക്കളെ വളർത്തുകയാണ്...എന്തിനെന്നോ, എങ്ങനെയെന്നോ അറിയാതെ... മൂക്കുമുട്ടെവരെ തിന്നാൻ കൊടുത്തതുകൊണ്ടോ കടയിലെ മുന്തിയ ഐറ്റംസ് വാങ്ങിക്കൊടുത്തതുകൊണ്ടോ ആവശ്യങ്ങളെല്ലാം നേരത്തിനു മുമ്പുതന്നെ കൺമുമ്പിലെത്തിച്ചതുകൊണ്ടോ മാതാപിതാക്കൾ മാതാപിതാക്കളാവുകയില്ല. 'അപ്പൻ', 'അമ്മ' എന്ന വാക്കിനൊക്കെ തെല്ലർത്ഥം കൂടിയുണ്ട്. അതു ഗ്രഹിക്കാതെ എണ്ണമില്ലാതെ മക്കളെ ജനിപ്പിച്ചുകൂട്ടിയിട്ട് കാര്യമില്ല.

'മാതൃകയാവുന്ന മാതാപിതാക്കളാവുക'. ഒരപ്പനെ എനിക്കറിയാം... ആ അപ്പനെക്കുറിച്ചോർക്കുമ്പോൾ ഭൗതികമായ വലിയ വലിയ കാര്യങ്ങളൊന്നുമല്ല ഓർമ്മയിൽ തെളിയുക. വൈകുന്നേരങ്ങളിൽ പ്രാർത്ഥനയ്ക്കായി, കയ്യിൽ കൊന്തയുമായി പ്രാർത്ഥന ആരംഭം മുതൽ അവസാനംവരെ മിഴിയടച്ച് ഏകാഗ്രതയിൽ പ്രാർത്ഥിക്കുന്ന ഒരാളെ.... പ്രഭാതത്തിൽ ഉണരുമ്പോൾ എന്തെല്ലാമോ പ്രാർത്ഥനകൾ തെല്ലുച്ചത്തിൽ ഉരുവിടുന്ന ഒരാളെ...

ഉണർന്ന് കുളിച്ച് പതിവുതെറ്റിക്കാതെ പള്ളിയിൽപോയി വി. കുർബാനയിൽനിന്ന് ശക്തി സംഭരിക്കുന്ന ഒരാളെ...

അതിനപ്പുറം സമ്പത്തു വാരിക്കൂട്ടിയതോ, ഭൗതിക നേട്ടങ്ങളാർജ്ജിച്ചതോ, ഒന്നും ഞാനോർത്തിട്ടില്ല.

മക്കളുടെ മനസ്സിൽ പച്ചകെടാതെ നിൽക്കുന്ന നല്ല ഓർമ്മകളായിതീരുവാൻ, വി. കുർബാനയിലെ അപ്പമായ, ഇന്നും നല്ല ഓർമ്മയായി നമ്മിൽ നിലനിൽക്കുന്ന അവനിലേക്ക് നമ്മുടെ ജീവിതങ്ങളെ തിരിക്കാം. പ്രായത്തിന്റെ കുസൃതികൾ കഴിയുമ്പോൾ കുഞ്ഞുങ്ങൾ നേരാംവണ്ണം നടക്കുവാൻ നല്ല മാതൃക നൽകുന്ന ഓർമ്മകളായി ജീവിക്കാം. ദൈവമേ...ജ്വലിക്കുന്ന മാതൃകകളായി ജീവിക്കുവാൻ, ഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ഓർമ്മയായിതീരുവാൻ എന്നെ അനുഗ്രഹിക്കണേ...



# മനുഷ്യവിഭവശേഷി എന്ന മൂലധനം

ഫാ. റ്റോംസ് കളപ്പൂരയ്ക്കൽ
ചങ്ങനാശ്ശേരി

## "സത്യത്തിൽ സ്നേഹം" (Caritas in Veritate) എന്ന ചാക്രികലേഖനം ആസ്പദമാക്കിയുള്ള ഒരു പഠനം

ഇന്ന് ലോകമാസകലം സജീവമായ ഒരു ചർച്ചാവിഷയമാണിത്. അനുകൂലിച്ചും പ്രതികൂലിച്ചും ധാരാളം ചിന്താധാരകൾ നിരത്താനാകും. എന്നാൽ ഈ പ്രതിഭാസത്തെ വ്യത്യസ്തമായൊരു വീക്ഷണകോണിൽകൂടി നോക്കി കാണാൻ സത്യത്തിൽ സ്നേഹം എന്ന രേഖ ആഹ്വാനം ചെയ്യുന്നു. "വികസനത്തിലെ അവകാശങ്ങളും കർത്തവ്യങ്ങളും എന്ന ആശയം ജനസംഖ്യാ വർദ്ധനവിനോട് ബന്ധപ്പെട്ട പ്രശ്നങ്ങളും കണക്കിലെടുക്കണം... കാരണം അത് ജീവിതത്തിന്റെയും കുടുംബത്തിന്റെയും അന്യാധീനപ്പെടുത്താൻ സധ്യമല്ലാത്ത മൂല്യങ്ങളോട് ബന്ധപ്പെട്ടതാണ്... വികസനമില്ലായ്മയുടെ പ്രാഥമിക ജാരണം ജനസംഖ്യാവർദ്ധനവാണെന്നു കരുതുന്നത് തെറ്റാണ്" (No. 44).

ജനസംഖ്യാ വിഷയത്തെക്കുറിച്ച് പല വിദഗ്ദ്ധരും ഇന്ത്യയെ "യൗവനയുക്തയായ ഇന്ത്യ" എന്നു വിളിക്കുന്നതെന്തുകൊണ്ടാണ് എന്ന് ഇത്തരുണത്തിൽ ചിന്തിക്കുന്നത് അഭിലഷണീയമായിരിക്കും. വൃദ്ധരെ അപേക്ഷിച്ച് യുവാക്കളുടെ സംഖ്യ ഇന്ത്യയിൽ മറ്റേതു രാജ്യത്തേക്കാളും കൂടുതലാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ചൈനയുടെ മുമ്പിൽപോലുമുള്ള ഒരു വെല്ലുവിളി മുതിർന്ന തലമുറയുടെ മൃഗീയ പ്രാതിനിധ്യമാണ്. എന്നാൽ അവർക്കു പകരം വരാൻ യുവജനസമൂഹം അപര്യാപ്തമാണെന്നത് അവർ ഞെട്ടലോടെ മനസ്സിലാക്കിയ സത്യമാണ്.

ഇത്തരുണത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ദിശാബോധം വളരെ അഭിനന്ദനാർഹമാണെന്നു പറയാതെ വയ്യ. ''ഇന്ത്യയുടെ ഏറ്റം വലിയ സമ്പത്ത് ഇവിടുത്തെ മനുഷ്യവിഭവശേഷിയാണ്" എന്ന് നമ്മുടെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ഒരിക്കൽ പറയുകയുണ്ടായി. അതിന്റെ അനുരണനങ്ങളായി നാഷണൽ നോളഡ്ജ് കമ്മീഷനേയും (NKC - National Knowledge Commission) ഈ അടുത്ത കാലത്ത് അവതരിപ്പിച്ച വിദ്യാഭ്യാസ അവകാശനിയമത്തേയും നോക്കി കാണേണ്ടിയിരിക്കുന്നു.

സാം പിട്രോഡ നേതൃത്വം നൽകിയ നാഷണൽ നോളഡ്ജ് കമ്മീഷനും എടുത്തു പറയേണ്ടതു തന്നെയാണ്. അവരുടെ നിഗമനമനുസരിച്ച് ഭാരതത്തിലെ യുവാക്കളെ ജോലിക്ക് പര്യാപ്തരാക്കാൻ ഇനിയും 1500 യൂണിവേഴ്സിറ്റികളും 1,50,000 ആർട്സ് & സയൻസ് കോളേജുകളും പ്രൊഫഷണൽ കോളേജുകളും ഇന്ത്യയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.



ഇന്ത്യൻ പൗരന്റെ അവകാശമാണ് വിദ്യാഭ്യാസം നേടാനുള്ള അവകാശം എന്നത് വിസ്ഫോടനാത്മകമായ ഒരു മുന്നേറ്റമായി മാത്രമേ കാണാനൊക്കൂ. ഇത്തരുണത്തിൽ കേന്ദ്രത്തിൽ രൂപീകരിക്കപ്പെട്ടുവരുന്ന യൂണിവേഴ്സിറ്റി ബില്ലും ഒക്കെ വളരെ പ്രതീക്ഷയോടെ വേണം നോക്കികാണുവാൻ. വിദേശ യൂണിവേഴ്സിറ്റികൾക്ക് കടന്നുവരാൻ നൽകുന്ന അനുവാദവും മറ്റും സർഗ്ഗാത്മകമായ/ഗുണപരമായ മുന്നേറ്റത്തിന് നമ്മുടെ യൂണിവേഴ്സിറ്റികളെ നിർബന്ധിക്കും എന്നത് അനുഗ്രഹപ്രദമായിരിക്കും. ഇനിയെങ്കിലും മുരട്ടുവാദികളുടെ നിയന്ത്രണത്തിൽനിന്നും യൂണിവേഴ്സിറ്റികൾ സ്വതന്ത്രമാകും എന്ന് പ്രതീക്ഷിക്കാം.

"ഇന്ത്യയുടെ ഏറ്റം വലിയ സമ്പത്ത് ഇവിടുത്തെ മനുഷ്യ വിഭവശേഷിയാണ്"

| | |
|---|---|
| സ്വാതന്ത്ര്യം കിട്ടിയപ്പോൾ | 2007 – 2008 ലെ കണക്കനുസരിച്ച് |
| 25 യൂണിവേഴ്സിറ്റികൾ | സെൻട്രൽ യൂണിവേഴ്സിറ്റി 20 |
| | സ്റ്റേറ്റ് യൂണിവേഴ്സിറ്റി 275 |
| | കൽപ്പിത യൂണിവേഴ്സിറ്റി 100 |
| | ദേശീയ സ്ഥാപനങ്ങൾ 13 |
| | കോളേജുകൾ 17,000 |



എന്നാൽ ചൈനയിൽ 1250 ഉം അമേരിക്കയിൽ 5399 ഉം യൂണിവേഴ്സിറ്റികൾ നിലവിലുണ്ട് എന്നത് നാം അറിഞ്ഞിരിക്കണം. മേൽ പ്രസ്താവിച്ച ടേബിളിൽനിന്നും വിദ്യാഭ്യാസം ഏവർക്കും ലഭ്യമാക്കിയാൽ മനുഷ്യവിഭവശേഷി ഒരു രാഷ്ട്രത്തിന്റെ ഭാവി ഭാഗധേയം നിർണ്ണയിക്കുന്ന അതിനിർണ്ണായക ശക്തിയാണെന്നു കാണാം.

എന്നാൽ കേരള സംസ്ഥാനത്തിന്റെ മദ്യകച്ചവടത്തിലൂടെ 3000 കോടി രൂപയോളം സ്വന്തമാക്കുന്ന നയം എത്രയോ ആപത്കരമെന്ന് പറയാതെ വയ്യ. മനുഷ്യവിഭവശേഷി ഒരു മൂലധനമായി കാണുന്ന സാമാന്യബോധമുള്ള ഒരു നേതാവിനും പ്രോത്സാഹിപ്പിക്കാൻ പറ്റാത്ത ഒരു ശൈലിയാണത്. മനുഷ്യസമ്പത്തിനെ വിലമതിക്കുകയും അതിനെ പരിപോഷിപ്പിക്കാൻ പ്രതിജ്ഞാബദ്ധവുമായ ഒരു രാഷ്ട്രീയ നേതൃത്വം കേരളത്തിലും ഉണ്ടാകുമെന്ന പ്രത്യാശയോടെ, കേരളത്തിലെ പ്രബുദ്ധ ജനം തങ്ങളുടെ ഉത്തരവാദിത്വത്തോടെ സമ്മതിദാനാവകാശം വിനിയോഗിക്കും എന്ന പ്രത്യാശയോടെ കാത്തിരിക്കാം.



ആദ്ധ്യാത്മിക ചിന്തകൾ

# തടസ്സങ്ങളിലും പ്രതീക്ഷയോടെ!!

**റോസമ്മ കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ദൈ**വനിവേശിതമായി നമുക്കു ലഭിക്കുന്ന പുണ്യങ്ങളുടെ വളർച്ചയ്ക്ക് ദൈവത്തിന്റെ സഹായവും മനുഷ്യന്റെ പരിശ്രമവും കൂടിയേ തീരൂ. ലോകത്തിലെ മഹാന്മാരുടെയും വിശുദ്ധരുടെയും ജീവിതം പരിശോധിച്ചാൽ അവരുടെ ജീവിതവിജയത്തിന്റെ പിന്നിൽ സ്ഥിരോത്സാഹത്തോടുകൂടിയ ഒരു അത്യദ്ധ്വാനം ഉണ്ടായിരുന്നതായി കാണാം. വിശുദ്ധ ഗ്രന്ഥത്തിൽ "സ്ഥിരോത്സാഹിയുടെ കൈ സമ്പത്ത് വാരിക്കൂട്ടുന്നു; സ്ഥിരോത്സാഹിയുടെ വഴി നിരപ്പായ രാജവീഥിയാണ്; സ്ഥിരോത്സാഹിക്ക് അമൂല്യമായ സമ്പത്ത് ലഭിക്കും; സ്ഥിരോത്സാഹിക്ക് സമൃദ്ധിയായി ലഭിക്കും" (സുഭാഷിതങ്ങൾ) എന്ന് നാം വായിക്കുന്നു.

*ദൈവമാണ് പുണ്യങ്ങളുടെ വിത്തു നമ്മിൽ വിതയ്ക്കുന്നത്. ഈ വിത്ത് ദൈവസഹായം കൂടാതെ മുളച്ചു*

മനുഷ്യന്റെ സ്ഥിരോത്സാഹത്തോടുകൂടിയ പരിശ്രമത്തെ കഠിനാദ്ധ്വാനത്തെ താപസികതയെന്ന് ആദ്ധ്യാത്മിയജീവിതത്തിൽ വിശേഷിപ്പിക്കുന്നു. ഇന്ന് പൊതുവേ മനുഷ്യന് കഠിനാദ്ധ്വാനത്തിന് മനസ്സില്ലാതെ സുഖജീവിതം നയിക്കുവാനുള്ള പ്രവണതയാണ് ഏറിവരുന്നത്. സമർപ്പിതരുടെ ജീവിതത്തിലും ഈ പ്രവണത കൂടിവരുന്നുണ്ട്. അതുകൊണ്ട് താപസികതയ്ക്ക് ഇന്ന് വിലകല്പിക്കുന്നില്ല. അധികം കഷ്ടപ്പെടാതെ സുഖമായി, സ്വന്തം ഇഷ്ടപ്രകാരം പോകുവാനാണ് പലരും താല്പര്യപ്പെടുക, ഫലമോ മനുഷ്യന് പ്രതീക്ഷ നൽകുന്നവരുടെയെണ്ണം കുറഞ്ഞുവരികയാണ്. ഒഴുക്കിനെതിരെ നീന്തുവാൻ ധൈര്യമില്ലാത്തവരാണ് അധികംപേരും.

ദൈവമാണ് പുണ്യങ്ങളുടെ വിത്തു നമ്മിൽ വിതക്കുന്നത്. ഈ വിത്ത് ദൈവസഹായം കൂടാതെ മുളച്ചു വളരുകയില്ല. വിശുദ്ധ ഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല" (യോഹ 15:5). എങ്കിലും എല്ലാം ദൈവം ചെയ്തുകൊള്ളും, വിത്ത് താനേ വളർന്നുകൊള്ളും എന്നു കരുതി നാം വെറുതെ





കൈയും കെട്ടിയിരുന്നാൽ പോരാ. ദൈവകൃപയിൽ നാം ആശ്രയിക്കണം. ദൈവകൃപയോട് നാം സഹകരിക്കണം. ദൈവത്തിന്റെ സഹായത്തിനായി നിരന്തരം പ്രാർത്ഥിക്കണം. അവിടുന്ന് നമുക്ക് അവിടുത്തോടു സഹകരിക്കുന്നതിനുള്ള ശക്തിതരും. പൗലോസ് ശ്ലീഹാ പറയുന്നു: ''മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങൾ ഉണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കുവാൻ വേണ്ട ശക്തി അവിടുന്ന് നിങ്ങൾക്ക് നൽകും" (1 കോറി 10:13). അതുകൊണ്ട് 'എനിക്ക് ഇതിൽ കൂടുതൽ ചെയ്യാൻ പറ്റുകയില്ല, സഹിക്കാൻ പറ്റുകയില്ല' എന്നീ വിധത്തിലുള്ള നിലപാടുകൾ നാം എടുക്കരുത്. ഒരുവിധത്തിൽ പറഞ്ഞാൽ, പ്രലോഭനങ്ങൾക്ക് അടിമപ്പെടുവാൻ നമുക്ക് അവകാശമില്ല. ദൈവം എപ്പോഴും നമ്മോടുകൂടെയുണ്ടെന്ന അവബോധം നമ്മിൽ വളർത്തിയെടുക്കണം. അതിനായി നാം പ്രാർത്ഥനാജീവിതത്തിലും കൂദാശാജീവിതത്തിലും വിശ്വസ്തതയോടെ നിലനിൽക്കണം.



പ്രതീക്ഷ നമ്മിൽ വളർത്തിയെടുക്കുവാനായി നിരന്തരം പരിശ്രമിക്കണം. പ്രതീക്ഷ വളർന്നാൽ വിശ്വാസവും സ്നേഹവും വളരും. പ്രതീക്ഷ മനുഷ്യന് ഏറ്റവും ആവശ്യമാണ്. പ്രതീക്ഷയില്ലെങ്കിൽ ജീവിതവും ഇല്ല. ഈ പുണ്യത്തിൽ വളരുവാനുള്ള നമ്മുടെ പരിശ്രമത്തിൽ തടസ്സങ്ങളുണ്ടാവുകയില്ലെന്നു വിചാരിക്കരുത്. പരിശ്രമം ഏറുന്തോറും തടസ്സങ്ങളും ഏറിവരും. ഇവിടെ ഒഴുക്കിനെതിരെ നീന്തുകയാണ് വേണ്ടത്. അല്ലാതെ ബുദ്ധിമുട്ടിന്റെയും കഷ്ടപ്പാടിന്റെയും മുമ്പിൽ മടുപ്പു തോന്നി പരിശ്രമം നിർത്തരുത്. വി. കൊച്ചുത്രേസ്യാ നമ്മെ പഠിപ്പിക്കുന്ന ''വീണ്ടും ആരംഭിക്കുക; വീണ്ടും വീണ്ടും ആരംഭിക്കുക'' എന്ന തത്ത്വം നമുക്കും സ്വന്തമാക്കാം. നമ്മുടെ വീണ്ടും വീണ്ടുമുള്ള പരിശ്രമമാണ് ദൈവത്തിനുവേണ്ടത്. അവിടുന്നുതന്നെ നമുക്ക് ഫലം നൽകും. വീണ്ടും വീണ്ടും തുടങ്ങുവാൻ നമുക്കു നല്ല ക്ഷമ വേണം. ദൈവത്തിൽ നമ്മുടെ ദൃഷ്ടികൾ ഉറപ്പിച്ചുകൊണ്ട് അവിടുന്നിൽ ആശ്രയം വച്ചുകൊണ്ട് പരിശ്രമിക്കുമ്പോൾ അവിടുന്ന് നമ്മെ കൈക്കൊള്ളും.

*പ്രതീക്ഷ വളർന്നാൽ വിശ്വാസവും സ്നേഹവും വളരും. പ്രതീക്ഷ മനുഷ്യന് ഏറ്റവും ആവശ്യമാണ്. പ്രതീക്ഷയില്ലെങ്കിൽ ജീവിതവും ഇല്ല.*

അകതാരിലെന്നെന്നും അറിവിന്റെ നിറവായ്
നേർവഴി തെളിക്കുന്ന വെള്ളരി പ്രാവായ്
വിണ്ണിൽ നിന്നിറങ്ങിടും അഗ്നിസാന്നിദ്ധ്യമായ്
എന്നെ നയിച്ചിടും ദൈവസാന്നിദ്ധ്യമേ!

പ്രാർത്ഥനാരൂപിയിൽ ഒന്നിച്ചുചേർന്നിടാൻ
ശിഷ്യസമൂഹത്തിൽ ധൈര്യത്തിൻ നാളമായ്
വെളിവിന്റെ കതിരൊളി വീശിയിറങ്ങി നീ
വരദാനഫലങ്ങളാൽ മർത്യരെ നിറച്ചു നീ

പാപത്താൽ ശീതീകരിച്ചയെൻ ഹൃത്തിനെ
സ്നേഹത്തിൻ ചൂടിനാലലിയിച്ചു "മാറ്റി" നീ
വ്രണിതമാം ഹൃദയത്തിലാശ നിറച്ചുനിൻ
സ്നേഹത്തിൻ തെന്നലാലെന്നെത്തഴുകി നീ

താതന്റെ ഹിതമതുതേടുവാനെന്നെന്നും
പുത്രന്റെ മാർഗ്ഗേ ചരിച്ചീടുവാനും
ഹൃത്തിലഭിലാഷമുണർത്തീടും ദൈവത്തിൻ
സത്യാരൂപിയേ നമിക്കുന്നു നിന്നെ ഞാൻ

**നോയൽ**







# എന്നെ നിങ്ങൾ അറിയുമോ?

ന്നേ നിങ്ങൾ അറിയുമോ?
ന്നേ നിങ്ങൾ അറിയുമോ?

**ഫാ. ജേക്കബ് കോയിപ്പള്ളി**
**കാനാ, തുരുത്തി**

ഗലിലിയാ കടലിലെ മീനുകളായിരുന്നു എന്റെയും എന്റെ കുടുംബത്തിന്റേയും ആഹാരത്തിനുള്ള വക. ഒരിക്കൽ ഞാൻ അദ്ധ്വാനിച്ച് തിരികെയെത്തി വല കഴുകുമ്പോളത്രെ അവൻ പടവിൽ വന്നത്. അവൻ കാലെടുത്ത് എന്റെ വഞ്ചിയിൽ വെച്ചപ്പോഴേ എന്റെ മനസ്സിൽ തിരമാലകളുടെ വേലിയേറ്റമുണ്ടായി. പിന്നെ ഞാൻ അവന്റെ പിന്നാലെയിറങ്ങി- എന്റെ കുടുംബം, എന്റെ തൊഴിൽ, എന്റെ തൊഴിൽ ബന്ധങ്ങൾ എല്ലാം ഞാൻ ത്യജിച്ചു. കാരണം, എന്റെ ഹൃദയം അവന്റെ ഹൃദയത്തോട് ഒട്ടിച്ചേർന്നിരുന്നു എന്ന് എനിക്ക് തോന്നി തുടങ്ങിയിരുന്നു.

> എന്റെ ഹൃദയം ഞാൻ അവനോട് ചേർത്തുവച്ചപ്പോൾ അതിലേക്ക് വിജ്ഞാനം ഒഴുകിയിറങ്ങി.

ഒരിക്കൽ ഞാൻ അവനോട് ചോദിച്ചു. തെറ്റു ചെയ്യുന്നവരോട് നാം എത്ര പ്രാവശ്യം ക്ഷമിക്കണം, പരിധികളില്ലാതെ എന്നവൻ മറുപടി പറഞ്ഞപ്പോൾ എനിക്കു വിസ്മയം തോന്നി. അവന്റെ എല്ലാ ചെയ്തികളിലും ഓരോ വാക്കിലും ഞാൻ ആകൃഷ്ടനായിരുന്നു. ഒരിക്കൽ ഞാനും സുഹൃത്തുക്കളും കൂടി വള്ളത്തിൽ യാത്ര ചെയ്യുമ്പോൾ കടലിൽ ഒരു വെളിച്ചം കണ്ട് ഞങ്ങൾ അമ്പരന്നു. ഞാനുൾപ്പെടെ വാവിട്ട് നിലവിളിച്ചു. അതൊരു പ്രേതമാണെന്നു ഞാൻ കരുതി. അപ്പോൾ ഞാൻ ഉച്ചത്തിൽ നിലവിളിച്ചു. അത്ഭുതം! ആ വെളിച്ചം സ്വരമായ്... അതു വ്യക്തിയായി...അതെന്റെ ഗുരുവായിരുന്നു. എന്റെ കണ്ണുകൾക്ക് അത് വിശ്വസിക്കാൻ ആയില്ല; ഞാൻ പറഞ്ഞു: അത് നീയാണെങ്കിൽ ജലത്തിന് മീതെ ഞാൻ അടുത്തു വരട്ടെ- "പോരൂ" എന്ന് അവൻ പറഞ്ഞ മാത്രയിൽ ഞാൻ എടുത്തുചാടി നടന്നു നീങ്ങിയപ്പോൾ ഞാൻ കാറ്റു കണ്ടു; തിര കണ്ടു.

ഒരുവൻ ബലവാനോ ബലഹീനനോ ആകുന്നത് ഗുരുവിനോടുള്ള അടുപ്പത്തിൽ നിന്നാണ്.

പെട്ടെന്ന് ഞാൻ ഒന്നു ഭയന്നു. എന്റെ കാലുകൾ മെല്ലെ താണു. ഒടുവിൽ മുങ്ങുമെന്നായപ്പോൾ ഞാൻ അലറി വിളിച്ചു. അവൻ കൈനീട്ടി എന്നെ ഉയർത്തി.

ഒരുദിവസം അവൻ എന്റെ പേര് മാറ്റി. അവൻ ചോദിച്ച ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞപ്പോൾ, അവൻ പറഞ്ഞു ഇന്നു മുതൽ നീ "പാറ"യെന്ന് അറിയപ്പെടും. അങ്ങനെ ദുർബലരിൽ ദുർബലനായ ഞാൻ 'പാറ'യെന്ന് അറിയപ്പെടാൻ തുടങ്ങി. എന്റെ ഹൃദയം ഞാൻ അവനോട് ചേർത്തുവച്ചപ്പോൾ അതിലേക്ക് വിജ്ഞാനം ഒഴുകിയിറങ്ങി. വലവീശാൻ മാത്രം പഠിച്ച ഞാൻ ജനനിരകളുടെ മുമ്പിൽനിന്ന് സംസാരിച്ചു. എന്റെ ജീവിതം മാറ്റങ്ങളുടെ കഥയാണ്. സഹനങ്ങൾ വേദനകളാണെന്ന് ചിന്തിച്ച ഞാൻ അവ മധുരമാണെന്ന് പഠിപ്പിച്ചു തുടങ്ങി. എത്ര പ്രാവശ്യം ക്ഷമിക്കണമെന്ന് ചോദിച്ച ഞാൻ നിരുപാധികം എപ്പോഴും ക്ഷമിക്കണമെന്ന് എഴുതിതുടങ്ങി.

എടുത്ത പ്രതിജ്ഞകളിൽ വീഴ്ചകളുണ്ടായ ഞാൻ ഒരിക്കലും വീഴാതിരിക്കുവാൻ എന്തു ചെയ്യണമെന്ന് പഠിപ്പിച്ചു.

എന്റെ ഓരോ ചലനത്തിലും ഞാൻ എന്റെ ഗുരുവിനെ സ്മരിച്ചു. എന്റെ സഹോദരൻ ഒരിക്കൽ എഴുതിയതുപോലെതന്നെ ഞാൻ എന്റെ ഓട്ടം നന്നായി പൂർത്തിയാക്കി. നിത്യജീവന്റെ കിരീടം നേടി. ഗുരുമുഖം എന്നെ പഠിപ്പിച്ച ഒരു സത്യമുണ്ട്. ഒരുവൻ ബലവാനോ ബലഹീനനോ ആകുന്നത് ഗുരുവിനോടള്ള അടുപ്പത്തിൽ നിന്നാണ്. ഗുരുചാരേ നിൽക്കുന്നവൻ ബലവാനും ഗുരുവിൽനിന്ന് അകലുന്നവൻ ബലഹീനനുമാവുന്നു. ഇപ്പോൾ ഞാൻ ഗുരുആയിരിക്കുന്നിടത്താണ്. ഭൂമിയിലെ യാത്ര കഴിഞ്ഞ് നിങ്ങളെത്തുമ്പോൾ സ്വർഗ്ഗത്തിന്റെ വാതിൽപ്പടിയിൽ ഞാൻ ഉണ്ടായിരിക്കും.









# അറിവ് അനുഭവമായിതീരുന്നുണ്ടോ?

**സുജ ചോതിരക്കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഇന്നിന്റെ മനുഷ്യൻ അറിവിലും പരിജ്ഞാനത്തിലും മാത്രം തൃപ്തിപ്പെടുന്നവനല്ല. അവന് അറിവ് അനുഭവമായിത്തീരണം. അനുഭവസിദ്ധിക്കായുള്ള മനുഷ്യന്റെ പരക്കംപാച്ചിൽ എല്ലാ തലങ്ങളിലും നമുക്കു കാണാൻ സാധിക്കും. അനുഭവത്തിൽനിന്നുമാത്രമേ നല്ല പാഠം പഠിക്കുകയുള്ളു. മനുഷ്യന്റെ അനുഭവസിദ്ധിക്കായുള്ള നെട്ടോട്ടത്തിൽ നന്മയെ അനുഭവമാക്കുന്നതോടൊപ്പം തിന്മയേയും അനുഭവമാക്കുന്നുണ്ട് എന്ന ദുഃഖസത്യം ഇവിടെ വിസ്മരിക്കുന്നില്ല.

ഒരു വശത്ത് തിന്മയുടെ അനുഭവത്തിലൂടെ മനുഷ്യൻ ഒന്നിനൊന്നു നിരാശയിലേക്ക്, നാശത്തിലേക്ക് വഴുതിവീഴുമ്പോൾ മറുവശത്ത് നല്ല അനുഭവം ഉൾക്കൊണ്ട് ജീവിത പരിവർത്തനം വരുത്തി ജീവിക്കുന്നതിനുള്ള തൃഷ്ണയും ഏറിവരുന്നുണ്ട്. ശാശ്വതമായ മാറ്റം മനുഷ്യനിൽ സംഭവിക്കണമെങ്കിൽ ദൈവത്തിന്റെ രക്ഷാകര സ്നേഹം ഒരു അനുഭവമായി തീരണം.

ഈശോ തന്റെ ശിഷ്യരോട് 'ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്' എന്ന് ചോദിക്കുന്നതിലൂടെ ഈശോയുടെ ദൗത്യം ഫലമണിയുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയാണ്. തന്നോടുകൂടിയുള്ള സഹവാസം, അവർക്ക് തന്നെക്കുറിച്ചുള്ള അറിവുമാത്രമാണോ പ്രദാനം ചെയ്തത്. അതോ ആ അറിവ് അനുഭവതലത്തിലേക്കു കടന്നുവോ എന്നു തീർച്ചപ്പെടുത്തുകയാണ്. അവിടുന്ന് വെറും ഒരു പ്രവാചകനല്ല പ്രത്യുത, ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ് എന്ന അനുഭവമാണ് ശിഷ്യർക്കുണ്ടായത്. അന്ന് ശിഷ്യന്മാരോട് ചോദിച്ച ചോദ്യം യുഗാന്തരങ്ങളായി അവിടുന്ന് തുടർന്നുകൊണ്ടിരിക്കുകയാണ്. നമ്മോട് ഓരോരുത്തരോടും വ്യക്തിപരമായി അവിടുന്ന് ഈ ചോദ്യം ആവർത്തിക്കുന്നുണ്ട് "ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്" (മത്താ 16:15).

വിശുദ്ധരുടെ ജീവിതം എടുത്തു നോക്കിയാൽ അവർ എല്ലാവരും ഈ ചോദ്യം അവരവരുടെ ഹൃദയാന്തരാളത്തിൽ മുഴങ്ങികേട്ടവരാണ്. ക്രൂശിതനോടുള്ള വി. അൽഫോൻസ്മരിയ ദെ ലിഗോരിയുടെ വലിയ സ്നേഹവും മതപീഡനകാലത്ത് മൃഗങ്ങളുടെ പല്ലുകളുടെ ഇടയിൽപ്പെട്ട് ചവച്ചരയുന്നതിനുള്ള അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ ആഗ്രഹവും, കുരിശിന്റെ വി. യോഹന്നാന്റെയും വി. പൗലോസിന്റെയും ഈശോയോടുള്ള അത്യധികമായ സ്നേഹവുമെല്ലാം ഈശോ അവർക്ക് ആരാണ് എന്നുള്ളതിന്റെ മറുപടിയാണ്. വിശുദ്ധരായ എല്ലാ മനുഷ്യരും ഈശോമിശിഹായോടുള്ള

സ്നേഹത്താൽ കത്തിയെരിഞ്ഞവരാണ്. അവരുടെ ജീവിതം മുഴുവൻ ഈശോയാൽ നിറഞ്ഞതായിരുന്നു.

ഇനിയും നമ്മോടു ചോദിക്കുന്ന ഈ ചോദ്യത്തിന് മറുപടി കൊടുക്കുവാൻ ശ്രമിച്ചാൽ തീർച്ചയായും നമ്മുടെ മറുപടികൾ വ്യത്യസ്തങ്ങളായിരിക്കും. ഈശോ നമുക്ക് ആരാണ്? നമ്മോടുള്ള സ്നേഹാധിക്യത്താൽ സ്വർഗ്ഗീയ പിതാവ് നമുക്കു നല്കിയ തന്റെ ഏകജാതൻ! അപ്പോൾ നാം നമ്മുടെ മുഴുഹൃദയത്തോടെ രണ്ടു കൈകളും നീട്ടികൊണ്ട് സ്വീകരിക്കേണ്ട ദൈവപിതാവിന്റെ ഉൽകൃഷ്ടദാനമാണ് ഈശോ.

നമ്മോടുള്ള ഈശോയുടെ ചോദ്യത്തിന് മറുപടികൊടുത്ത നമുക്ക് ഈശോയോട് ഒരു ചോദ്യം ചോദിക്കാം. എല്ലാം നല്കികൊണ്ട് ഞങ്ങളെ സ്നേഹിച്ച ഈശോനാഥാ നീ എന്താണ് ഞങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത്? ഇവിടെ ഈശോയുടെ മറുപടി മറ്റൊന്നായിരിക്കുകയില്ല. അത് ഈശോ നമുക്കു ദാനമായതുപോലെ നാം മറ്റുള്ളവർക്ക് ഈശോയുടെ ദാനമാകണമെന്നുള്ളതാണ് 'ദാനം' എന്ന വാക്ക് അതിന്റെ പൂർണ്ണതയിൽ നാം മനസ്സിലാക്കി ജീവിച്ചാൽ സ്വാർത്ഥതയ്ക്ക് 'എന്നിലെ ഞാൻ'ന്



എന്നിൽ സ്ഥാനമില്ലാതാകും. സ്വാഭാവികമായി നമ്മിലെല്ലാവരിലും ഉള്ളതും, നാം അറിഞ്ഞോ അറിയാതെയോ മുറുകെപിടിക്കുന്നതുമാണ് നമ്മിലെ 'ഞാൻ എന്ന ഭാവം'. നമ്മിലെ ഈ ശത്രുവിനെ കൊന്നു കുഴിച്ചുമൂടാനുള്ള ധൈര്യം നമുക്കുണ്ടാകണം.

എങ്കിലെ നാം മറ്റുള്ളവർക്ക് ദാനമായിതീരുകയുള്ളു. നമുക്ക് നമ്മുടെതായ വേദനകളിലും നിസ്സാരമായ കാര്യങ്ങളിലും ഒട്ടിപ്പിടിച്ച് കടിച്ചുതൂങ്ങികിടക്കാതെ നമ്മുടെ ഹൃദയത്തെ വിശാലമാക്കാം. നമ്മുടെ ശരീരത്തിലെ ഒരവയവത്തിന്റെ വേദനയിൽ മറ്റ് അവയവങ്ങൾ പങ്കുകൊള്ളുന്നതുപോലെ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും വേദന നമ്മുടെ വേദനയായി മാറുവാൻ തക്കവിധത്തിൽ ദൈവം തന്നവരെ നമുക്കു സ്നേഹിക്കാം. അങ്ങനെ അവരുടെ ആവശ്യങ്ങളുടെ മുമ്പിൽ നിസംഗരായി നിലകൊള്ളാതെ മറ്റു സഹോദരങ്ങൾക്ക് നമ്മൾ ദൈവത്തിന്റെ ദാനമായിതീരുന്ന അനുഭവം പകർന്നുകൊടുത്ത് അവരുടെ ആവശ്യങ്ങൾക്കായി തുറക്കാം. അങ്ങേനെ ദൈവത്തിന്റെ രക്ഷാകരസ്നേഹം നമുക്കും മറ്റുള്ളവർക്കും ഒരു അനുഭവമായിതീരട്ടെ.

**അവിടുന്നു മനുഷ്യനായതും, സഹിച്ചതും, കാൽവരിയിൽ കുരിശിൽ തന്റെ ജീവൻ ബലിയർപ്പിച്ചതും, സ്വയം ശൂന്യനാക്കിയതും എല്ലാം നമ്മോടുള്ള സ്നേഹത്തെപ്രതിയാണ്.** വി. പൗലോസ് ശ്ലീഹായുടെ വികാരതരളിതമായ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. 'എന്നെ സ്നേഹിച്ചു: എനിക്കുവേണ്ടി മരണത്തിനു പോലും തന്നെ ഏല്പിച്ചുകൊടുത്തുകൊണ്ട് എന്നെ സ്നേഹിച്ചു'. എത്ര വലിയ സ്നേഹം! നമുക്ക് ഓരോരുത്തർക്കും 'എനിക്കുവേണ്ടി' എന്ന അനുഭവം ഉൾക്കൊള്ളാൻ സാധിക്കണം.

ആരെങ്കിലും നമുക്ക് ഒരു ഉപകാരം ചെയ്താൽ നാം ഹൃദയപൂർവ്വം നന്ദി എന്നു പറയാറുണ്ടല്ലോ. എന്നാൽ നമുക്കുവേണ്ടി, നമ്മെ രക്ഷിക്കുവാൻവേണ്ടി, നമ്മെ വിശുദ്ധീകരിക്കുവാൻവേണ്ടി സ്വർഗ്ഗീയ പിതാവിന്റെ ആ വലിയ സ്നേഹത്തിങ്കലേക്കു കൂട്ടികൊണ്ടു പോകുവാൻവേണ്ടി ക്രൂശിൽ തറയ്ക്കപ്പെട്ട ഈശോയെ ഓർക്കുമ്പോൾ നാം എത്രമാത്രം നന്ദിയുള്ളവരായിരിക്കണം. നമ്മുടെ നേർക്കുള്ള ഈശോയുടെ സ്നേഹസമർപ്പണം കുരിശിലവസാനിച്ചില്ല. വീണ്ടും സ്വയം ശൂന്യനായി വി. കുർബാനയിൽ അപ്പമായി മാറിക്കൊണ്ട് നമ്മുടെ ഭക്ഷണമായി അവിടുന്നു തീർന്നു. നമ്മൾ ഈശോയുടെ രക്തവും മാംസവുമായിത്തീരുന്നു എന്ന മഹനീയ ചിന്ത നമുക്ക് ഉണ്ടെങ്കിൽ കൃതജ്ഞതയോടെ നാം അപ്പോൾ നിൽക്കും. സങ്കീർത്തകന്റെ ഭാഷയിൽ പറഞ്ഞാൽ വെറും കൃമികളായ നാം സർവ്വപ്രപഞ്ചത്തിന്റെയും സ്രഷ്ടാവായ, ഉടയവനായ ദൈവത്തിന്റെ കരവലയത്തിൽ അമർന്നിരിക്കുന്ന അനുഭവം ഉണ്ടാകും. അതെ നീ എന്റേതാണ് എന്റെ സ്വന്തമാണ് എന്നു പറഞ്ഞുകൊണ്ട് നമ്മെ വാരി പുണരുന്ന അനുഭവം നമുക്കുണ്ടാകും.





# "മതിലും" "വാതിലും"



എം.സി. ഇൽഡെഫോൺസ്
(സോഷ്യൽ ആനിമേറ്റർ)

നമ്മുടെ നാട്ടിൻപുറങ്ങളിൽപ്പോലും പല വീടുകൾക്കു ചുറ്റും "വൻമതിലും" അതിലൊരു വലിയ ഗേറ്റും (വാതിൽ) പണിതു പെയിന്റടിച്ചു ആകർഷകമാക്കിയിരിക്കുന്നതു കാണാം. ഈ 'വൻമതിലും' വാതിലും വീട്ടുകാരുടെ സുരക്ഷയ്ക്കും പിന്നെ പ്രൗഢികാണിക്കാനുമാണ്. 'മതിൽ' സൂചിപ്പിക്കുന്നത് ''മതി ഇതിലേ'' എന്നാണ്. അതായത് അതിലെ കടന്നുകയറാനുള്ള സ്വാതന്ത്ര്യം നിഷേധിച്ചിരിക്കുന്നു എന്നർത്ഥം.

'വാതിൽ' നൽകുന്ന അറിയിപ്പു 'വാ ഇതിലേ' എന്നാവാം. സ്വതന്ത്രമായി കടന്നുവരാം; തടസങ്ങളൊന്നുമല്ല. എല്ലാവരും അംഗീകരിക്കുന്നതാവും ഈ 'മതിലും' 'വാതിലും'. ഇവ ആരെ ഉദ്ദേശിച്ചാണ്? മതിൽ തടയുന്നത് കള്ളന്മാരേയും കൊള്ളക്കാരേയും തെമ്മാടികളെയും തന്നെ. മതിലിൽ സ്ഥാപിച്ചിരിക്കുന്ന ''വാതിൽ'' അടഞ്ഞുകിടന്നാൽ അത് സാധുക്കൾക്കും രോഗികൾക്കും യാചകർക്കും അശരണർക്കും അനുഭവപ്പെടുന്നത് 'വൻമതിലായി'ത്തന്നെ.

> മനുഷ്യന്റെ ഉള്ളറകളിൽ വ്യക്തിഗത മതിലുകൾ പണിതിട്ടുണ്ട്. ആ മതിലിന് ഇരുവശവും തികഞ്ഞ അന്ധകാരമാണ്.

ഈ മതിലുകൾ തകർക്കപ്പെടണം. അത് അക്രമികൾക്കു സ്വാതന്ത്ര്യം നൽകാനല്ല; മറിച്ച് മനുഷ്യസഹവർത്തിത്വത്തിനും സഹകരണത്തിനും പങ്കുവയ്ക്കലിനുമാവണം. അടഞ്ഞുകിടക്കുന്ന വാതിലുകൾ തുറക്കപ്പെടണം. അതു ആവശ്യക്കാരന് അപ്പമാവാനും ഔഷധമാവാനും വസ്ത്രമാവാനും സ്നേഹം പങ്കിടാനുമാവണം.

ചരിത്രത്തിലേക്കു നോക്കിയാൽ വൻമതിലുകൾ തകർക്കപ്പെട്ടു. അടഞ്ഞുകിടന്ന വാതിലുകൾ തുറക്കപ്പെട്ടു. വർഷങ്ങളായി ഉയർന്നുനിന്ന (കു) പ്രസിദ്ധമായ ചൈനയിലെ ''വൻമതിൽ" (ബർലിൻ മതിൽ) ഒരിക്കൽ തകർന്നു; അല്ല തകർക്കപ്പെട്ടു. കാലങ്ങളായി വേർപിരിക്കപ്പെട്ടു നിറുത്തിയിരുന്ന മതിൽ തകർന്നതോടെ ഇരുവശത്തും കുടുങ്ങിപ്പോയവർ തങ്ങളുടെ ഉറ്റവരേയും ഉടയവരേയും സ്വതന്ത്രമായി കണ്ടുമുട്ടി. പരസ്പരം ആശ്ലേഷിച്ചു. അനുഭവിച്ച ത്യാഗങ്ങളും കഷ്ടപ്പാടുകളും സ്നേഹസാഹോദര്യവും എല്ലാമെല്ലാം പങ്കുവച്ചു.

വാഴ്ത്തപ്പെട്ട ജോൺ 23-ാം പാപ്പാ (1959-1963) ഒരിക്കൽ വത്തിക്കാൻ കൊട്ടാരത്തിലെ അടഞ്ഞുകിടന്ന ജനാലകൾ വലിച്ചുതുറന്നുകൊണ്ട് "കാറ്റും

വെളിച്ചവും പ്രവേശിക്കട്ടെ" എന്നു പറഞ്ഞത് പ്രതി. രൂപാത്മകമായ ചരിത്രസത്യമാണ്. അപ്പോൾ തിരുസഭയുടെ ഹൃദയത്തിൽ അമർത്തപ്പെട്ടു കുടുങ്ങിക്കിടന്ന കൊടുങ്കാറ്റ് അദ്ദേഹം കണ്ടിരിക്കണം. ആ കൊടുങ്കാറ്റ് ഇളകട്ടെ എന്നുതന്നെയാണ് അദ്ദേഹം തീരുമാനിച്ചത്. അതോടെ സഭയിൽ കൂടുതൽ സുതാര്യതയും അനുരഞ്ജന ചർച്ചകൾക്കും സംഭാഷണങ്ങൾക്കും യോജിപ്പിനും സഹവർത്തിത്വത്തിനും സമാധാനത്തിനും കളമൊരുങ്ങിയതും ആത്മായ-ഹയരാർക്കി ബന്ധങ്ങൾ കൂടുതൽ തീക്ഷ്ണമാകാനും തുടങ്ങി.

രാജ്യങ്ങൾ തമ്മിലും സഭകൾ തമ്മിലും സമൂഹങ്ങൾ തമ്മിലും ഭിന്നിപ്പുകൾ സാവധാനം ഉടലെടുത്തത് ചില സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടിയാണെന്നു ചരിത്രം രേഖപ്പെടുത്തുന്നു. ഈ ഭിന്നിപ്പു പിന്നീടു 'മതിലുകളായി' രൂപാന്തരപ്പെട്ടു. അങ്ങിങ്ങ് ഉണ്ടായിരുന്ന 'വാതിലു'കളും കൊട്ടിയടയ്ക്കപ്പെട്ടിരുന്നു. ഇന്നിപ്പോൾ തകർക്കപ്പെട്ട മതിലുകളും തുറക്കപ്പെട്ട വാതിലുകളും മാത്രം. മനുഷ്യൻ കൊതിച്ച സ്വാതന്ത്ര്യത്തിന്റേയും സുതാര്യമായ സത്യത്തിന്റേയും പൊൻവെളിച്ചം രാജ്യങ്ങളെയും സഭകളെയും സമൂഹങ്ങളേയും കൂടുതൽ പ്രകാശമാനമായ മാനത്തേയ്ക്കു നയിക്കുന്നു.

മനുഷ്യന്റെ ഉള്ളറകളിൽ വ്യക്തിഗത മതിലുകൾ പണിതിട്ടുണ്ട്. ആ മതിലിന് ഇരുവശവും തികഞ്ഞ അന്ധകാരമാണ്. തന്നിമിത്തം മറ്റുള്ളവരെ അവരായിരിക്കുന്ന അവസ്ഥയിൽ കാണാൻ സാധിക്കുന്നില്ല. അതുപോലെ മനുഷ്യമനസ്സിലെ വാതിലുകൾ പലരിലും ഇപ്പോഴും അടഞ്ഞുതന്നെ കിടക്കുന്നു. അതുകൊണ്ട് അവർക്കു മറ്റുള്ളവരെ സ്വീകരിക്കാൻ സാധിക്കുന്നില്ല. അതിനുള്ള സന്മനസ്സും വിശ്വാസവുമില്ല. ഇത്തരക്കാരെ നയിക്കുന്നതു സ്വാർത്ഥതതന്നെയാവണം.



ഭർത്താവിനു ഭാര്യയെ വിശ്വാസത്തിലെടുക്കാൻ സാധിക്കുന്നില്ല. ഭർത്താവറിയാതെ ഭാര്യ പലതും മറച്ചുവയ്ക്കുന്നു. അതുപോലെ ഭർത്താവിനും ഭാര്യയിൽനിന്നുമൊളിക്കാൻ ഇക്കാലത്തു പലതും കാണും. ഒരു കുടുംബത്തിൽത്തന്നെ പണ്ടെന്നപോലെ ഇന്നു പരസ്പരം ഹൃദയം തുറക്കാൻ കഴിയാത്ത അവസ്ഥ. സംഭാഷണങ്ങളും ആലോചനകളും ചർച്ചകളും തുലോം കുറഞ്ഞുവരുന്നു. ഇതിനു കാരണം ചിലപ്പോൾ ദൃശ്യമാദ്ധ്യമങ്ങളുടെ കടന്നുകയറ്റമാവാം. ഇതിന്റെ പേരിൽ പ്രാർത്ഥനകൾപോലും മുടക്കുന്ന പല കുടുംബങ്ങളുമുണ്ട്.

നമ്മിലുള്ള ഇത്തരം മതിലുകൾ തകർക്കാനും വാതിലുകൾ തുറന്നിടാനും നമുക്കു കഴിയണമെങ്കിൽ നമ്മുടെ സ്വാർത്ഥ ചിന്തകളും വാശിയും വിദ്വേഷവും കൈവെടിയണം. അതിനുള്ള ഏക മാർഗ്ഗം സ്നേഹമെന്ന സാന്ത്വന ചികിത്സതന്നെയാണ്. അതാണ് ദൈവം നമുക്കു കൈമുതലായി നൽകിയ ഒരു മഹാദാനം. പലപ്പോഴും നാമത് ഉപയോഗിക്കുന്നില്ല.

തന്നെ വധിക്കാൻ ശ്രമിച്ച തുർക്കിക്കാരനായ 'മെഹ്മദ് അലിഅഗ്കാ'യെ 'സ്വർല്ലോകരാജ്ഞി' (Regina Coeli) എന്ന റോമിലെ സെന്റർ ജയിലിൽ കടന്നുചെന്ന് കെട്ടിപ്പിടിച്ച് അവനു മാപ്പു നൽകി തന്റെ സ്നേഹ വക്ഷസ്സിൽ ചേർത്തണച്ചു കാലം ചെയ്ത ജോൺപോൾ രണ്ടാമൻ... പരിശുദ്ധ പിതാവിന്റെ ഈ പ്രവൃത്തി ലോകത്തിന് ഒരു മാതൃകയായി മാറി. പാപ്പായുടെ നിര്യാണ വാർത്തയറിഞ്ഞപ്പോൾ തുർക്കി ജയിലിൽ കഴിഞ്ഞിരുന്ന അഗ്കാ സങ്കടം സഹിക്കാനാവാതെ ഏറെ നേരം കരഞ്ഞു കണ്ണീരൊഴുക്കിയ കാര്യം അദ്ദേഹത്തിന്റെ സഹോദരൻ സാക്ഷ്യപ്പെടുത്തുന്നു. നമ്മുടെ ജീവിതത്തിലും ഇതുപോലുള്ള സന്ദർഭങ്ങളിൽ ക്ഷമിക്കാനും സ്നേഹിക്കാനും സാധിക്കുമെങ്കിൽ നമുക്കും ദൈവത്തിന്റെ സമാധാനവും സന്തോഷവും അനുഭവവേദ്യമാകും.

നമുക്കു ദൈവം കനിഞ്ഞു നൽകിയിരിക്കുന്ന സമ്പത്തും, ബുദ്ധിയും ശക്തിയും വൈവിദ്ധ്യമാർന്ന കഴിവുകളുമുണ്ട്. പലർക്കും പലവിധത്തിലാണ്. ഉള്ളവരും ഇല്ലാത്തവരുമുണ്ട്. ഈ ദൈവദാനങ്ങൾ നമുക്കുമാത്രമുള്ളതല്ല. അതു മറ്റുള്ളവർക്കുവേണ്ടിക്കൂടിയാണ്. നാം ഇവയുടെ സൂക്ഷിപ്പുകാർ മാത്രം. നമ്മുടെ ഹൃദയവാതിലുകൾ തുറന്നിടുക. അതിലൂടെ ആവശ്യക്കാർ പ്രവേശിക്കട്ടെ. ആ വാതിലിലൂടെ നമുക്കുള്ളതിന്റെ പങ്ക് ആവശ്യക്കാർക്കു നൽകുക. അപ്പോൾ നമുക്കായി സ്വർഗ്ഗകവാടങ്ങളും തുറക്കപ്പെടും. നമുക്കും ദൈവത്തെ മുഖാഭിമുഖം കാണാം.



പ്രതീക്ഷയുടെ പൂമൊട്ടുകൾ

# കൈകൾ കൂപ്പി പ്രാർത്ഥിക്കുമ്പോൾ

**പ്രൊഫ. പി. സി. തോമസ്**
തൃശൂർ

ഹൃദയത്തോട് ചേർത്തുവച്ച് കൂപ്പിയ കൈകളുമായി നാം പ്രാർത്ഥിക്കാറുണ്ട്. അതിന്റെ അർത്ഥതലങ്ങൾ എന്തൊക്കെ ആകാം...?

തള്ളവിരലുകൾ രണ്ടും നമ്മുടെ ഹൃദയത്തോട് ഏറ്റവും അടുത്താണ് സ്ഥിതിചെയ്യുക. നമ്മുടെ ഏറ്റവും പ്രിയപ്പെട്ടവരെ, നമ്മുടെ മാതാപിതാക്കൾ, മക്കൾ, സഹോദരി സഹോദരന്മാർ എന്നിവരെ ഓർത്ത് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. രണ്ടാമത്തേത് ചൂണ്ടുവിരലുകൾ ആണ്. ചൂണ്ടുവിരൽ നിർദ്ദേശങ്ങൾ നല്കാനാണ് ഉപയോഗിക്കുന്നത്. ആദ്യ ഗുരുക്കന്മാരായ മാതാപിതാക്കൾ കഴിഞ്ഞാൽ പിന്നെ നമുക്ക് നിർദ്ദേശങ്ങൾ നല്കുന്ന മതനേതാക്കൾ ,ഗുരുജനങ്ങൾ എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. മൂന്നാമത്തെ സെറ്റ് ഏറ്റവും നീളംകൂടിയ വിരലുകളാണ്. മറ്റുള്ളവയെക്കാൾ മുമ്പിൽ നില്ക്കുന്ന ഇത് സമൂഹത്തിലെ ഉന്നതർ, രാഷ്ട്രീയ നേതാക്കൾ സമുദായ നേതാക്കൾ എന്നിവരെയൊക്കെ പ്രതിനിധാനം ചെയ്യുന്നു. ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാനും ജനതകൾ തമ്മിൽ സാഹോദര്യവും സൗഹൃദവും വളർത്താൻ അവരെ ബോധവൽക്കരിക്കാനും ഒപ്പം ലോകത്തിൽ ശാന്തിയും സമാധാനവും കൈവരാനും അവരുടെ പ്രവർത്തനം മൂലം സാധിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു. അടുത്തത് മോതിര വിരലുകൾ ആണ്. ഭാര്യാഭർത്താക്കന്മാർ അവരുടെ കടമകൾ യഥാവിധി പൂർത്തീകരിക്കുന്നതിനും ഭദ്രമായ ഒരു കുടുംബജീവിതം നയിക്കുന്നതിനും അവർക്കുണ്ടാകുന്ന കുഞ്ഞുങ്ങളെ മാതൃകാപരമായി ദൈവത്തിന്റെ കുഞ്ഞുങ്ങളായി വളർത്തുന്നതിനുള്ള കൃപ അവർക്ക് ലഭിക്കാൻ വേണ്ടി പ്രാർത്ഥിക്കുന്നു. കുടുംബത്തിന്റെ ഭദ്രതയാണ് സമൂഹത്തിന്റെ കെട്ടുറപ്പ്. അഞ്ചാമത്തെ സെറ്റ് വിരലുകൾ ഏറ്റവും ദുർബലവും ഏറ്റവും അകന്ന് സ്ഥിതിചെയ്യുന്നവയുമാണ്. സമൂഹത്തിൽ ഏറ്റവും ദുർബലരായവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും നമ്മിൽനിന്ന് ശാരീരികമായി അകന്നിരിക്കുന്നവരെയും മരണം മൂലം വേർപെട്ട് നമ്മുടെ സ്മരണയിൽ നിന്ന് ക്രമേണ മറഞ്ഞുപോയവരെയും രോഗികളായിരിക്കുന്നവരെയും ശത്രുതയിൽ കഴിയുന്നവരെയും ശാരീരികമായി വളരെ അടുത്താണെങ്കിലും മാനസികമായി അകന്ന് കഴിയുന്നവരെയും ഈ ദുർബല വിരലുകൾ പ്രതിനിധാനം ചെയ്യുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് മാറ്റിനിറുത്തപ്പെട്ട ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരും ശത്രുതാ മനോഭാവത്തിൽ കഴിയുന്നവരും ശിഥിലീകരണ പ്രവർത്തനങ്ങളിലേക്കും തുടർന്ന് വിധ്വംസക പ്രവർത്തനങ്ങളിലേക്കും തീവ്രവാദത്തിലേക്കും മറ്റും കടന്നുവെന്നു വരാം. അവർക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നു.

അപ്പോൾ നാം കൈകൂപ്പി പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മാത്രം കാര്യങ്ങൾ പറയാതെ ലോകത്തിലുള്ള എല്ലാവരെയും ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും നമ്മുടെ മനസ്സിലേക്ക് കൂട്ടികൊണ്ടുവരാം. അപ്പോൾ ഇനി കൈകൂപ്പുമ്പോൾ ലോകം മുഴുവൻ നമ്മുടെ സ്മരണയിലേക്ക് വരട്ടെ.



# "വരനെക്കാൾ മൂത്ത വധു"

**ഫാ. സിറിയക് കോട്ടയിൽ**
ഫാമിലി അപ്പോസ്തലേറ്റ്
ചങ്ങനാശ്ശേരി

അടുക്കളയിൽ അപ്പത്തിന് കുഴച്ചുകൊണ്ടിരുന്ന അന്നാമ്മ അയലോക്കക്കാരി അമ്മിണിയോട് അടക്കം പറഞ്ഞു. "പെങ്കൊച്ചിന് രണ്ടു വയസ്സു കൂടുതലാന്നാ കേട്ടോ'', ''ഒള്ളതാ, ആ കൊച്ചിനെ കണ്ടാൽ അത്തറയൊന്നും തോന്നുകേല കേട്ടോ", അമ്മിണി ഒള്ളതു പറഞ്ഞു. അന്നാമ്മയുടെയും അമ്മിണിയുടെയും ചർച്ചയ്ക്കാധാരം പുളിമേടയിലെ ചാക്കോച്ചന്റെ മകന്റെ കല്ല്യാണമാണ്. കല്ല്യാണാവസരത്തിൽ ആരോ തട്ടിവിട്ട കമന്റ് ഇവർ തങ്ങളുടെ ഒഴിവുവേളയിലെ ചർച്ചാവിഷയമാക്കിയെന്നേയുള്ളൂ. വിഷയം പുളിമേടയിലെങ്ങാനുമെത്തിയാൽ അവർ ഏതു തരത്തിലായിരിക്കുമോ, ഇതിനോടു പ്രതികരിക്കുക. ഇത്തരം വിഷയങ്ങളുടെ മുക്കുംമൂലയും പിടിച്ച് തോന്നുംപോലെ ചർച്ചചെയ്യുകയെന്നത് ഇന്നു പലർക്കുമൊരു നേരമ്പോക്കാണല്ലോ. അന്നാമ്മയുടെയും അമ്മിണിയുടെയും ചർച്ചയെക്കുറിച്ചുള്ള ചർച്ച ഇവിടെ പ്രസക്തമല്ല. നമ്മുടെ ചർച്ച അവരുടെ ചർച്ചാവിഷയത്തെക്കുറിച്ചാണ്. എന്താണ് ചർച്ചാവിഷയം? ''വരനെക്കാൾ മൂത്ത വധു". വധൂവരന്മാർ ഇതു വല്യവിഷയമായി കാണാതെപോയാലും കാര്യത്തിന്റെ ഗൗരവം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടേയുള്ളൂ എന്ന മട്ടിൽ കച്ചയും കെട്ടി നടക്കുന്ന ചിലരുണ്ട് നമ്മുടെ ഇടയിൽ. അത്തരക്കാരോട് എനിക്കൊന്നേ പറയാനുള്ളു- "അരുത്".

> മറ്റേതൊരു കാര്യത്തെക്കാളും സ്ത്രീപുരുഷന്മാർ തമ്മിലുള്ള മനഃപ്പൊരുത്തമാണ് വിവാഹബന്ധത്തെ സംബന്ധിച്ചിടത്തോളം മുഖ്യമായ കാര്യം.





ലിഖിതമായ വ്യവസ്ഥകളോ നിയമങ്ങളോ ഒന്നുംതന്നെ മതമോ, രാഷ്ട്രമോ ഇക്കാര്യത്തിൽ എങ്ങും നൽകിയിട്ടില്ല എന്നാണ് എന്റെ അറിവ്. മറ്റേതൊരു കാര്യത്തെക്കാളും സ്ത്രീപുരുഷന്മാർ തമ്മിലുള്ള മനഃപ്പൊരുത്തമാണ് വിവാഹബന്ധത്തെ സംബന്ധിച്ചിടത്തോളം മുഖ്യമായ കാര്യം. വധുവിന് പ്രായം തെല്ലു കൂടുതലാണെന്ന കാര്യം വിവാഹ



ശേഷം വരനോ വരന്റെ കൂട്ടരോ അറിയാൻ ഇടയാകുമ്പോൾ പൊട്ടിത്തെറിച്ചിട്ടു കാര്യമുണ്ടോ? ഇക്കാര്യത്തിൽ വധുവോ വധുവിന്റെ കൂട്ടരോ ബോധപൂർവ്വം യാഥാർത്ഥ്യങ്ങൾ മറച്ചുവെയ്ക്കാൻ ഇടയായിട്ടുണ്ടെങ്കിൽ അക്കാര്യം ന്യായീകരിക്കാനാവുന്നതാണെന്ന് തോന്നുന്നില്ല. തന്നെക്കാൾ പ്രായം കുറഞ്ഞ ആളായിരിക്കണം തന്റെ ഭാര്യ എന്ന കാര്യത്തിൽ വരന് നിർബന്ധം ഉണ്ടായിരിക്കുകയും അക്കാര്യം വധുവിനെയും കൂട്ടരെയും മുൻകൂട്ടി അറിയിക്കുകയും ചെയ്തിട്ടും യാഥാർത്ഥ്യം മറച്ചുവെച്ച് പെൺകുട്ടിയുടെ വയസ്സ് കുറച്ചുപറഞ്ഞ് വിവാഹ ബന്ധത്തിനു വഴിപ്പെട്ടാൽ അതിനെ 'ചതി' എന്നേ വിശേഷിപ്പിക്കാനാവൂ. തന്നെയുമല്ല, യാഥാർത്ഥ്യം അറിയാവുന്ന വധു ഇതുമൂലം ഏതു നേരവും കടന്നുവരാവുന്ന ഒരു പൊട്ടിത്തെറിയും പ്രതീക്ഷിച്ച് തീതിന്ന് എത്രനാൾ ഭർതൃഗൃഹത്തിൽ കഴിയേണ്ടിവരും.

പണ്ടുകാലത്തെന്നല്ല; ഒരു പക്ഷേ, ഇന്നും നമ്മുടെ സമൂഹത്തിൽ ഇപ്പറഞ്ഞ കാര്യത്തെ സംബന്ധിച്ച് ചിലർക്കെങ്കിലും ചില നിർബന്ധങ്ങളുണ്ട്. "പെണ്ണിന് പ്രായം പത്തു കുറയണമെന്നില്ല, പ്രായത്തിൽ അവൾ ഒരിക്കലും പുരുഷനെക്കാൾ മുമ്പിലാവരുത്; പൊക്കത്തിലുമവൾ ഇത്തിരിയെങ്കിലും അവന് താഴെ നിൽക്കണം''. ചില പുരുഷന്മാർ പിന്നെയും പറയും സ്ത്രീയുടെ മാസശമ്പളം പോലും പുരുഷന്റേതിനെക്കാൾ കൂടരുതെന്ന്. യുക്തിപരമായും കാര്യഗൗരവത്തോടെയും ചിന്തിച്ചാൽ ഇപ്പറഞ്ഞവയ്ക്കൊക്കെ വലിയ ഗൗരവം നാം കൊടുക്കുകയില്ലന്നത് ഉറപ്പാണ്.

പുരുഷമേധാവിത്വമാണിതുവഴി പ്രകടമാകുന്നതെന്ന് പറയുന്ന സ്ത്രീകളുണ്ട്. കുടുംബത്തിന്റെ സുസ്ഥിതിക്കും വളർച്ചയ്ക്കും ഇത്തരത്തിലുള്ള പുരുഷമേധാവിത്വവും സ്ത്രീയുടെ ചെറുപ്രായവും അത്യന്താപേക്ഷിതമാണെന്നു ചിലർ വാദിക്കുന്നു. ആരോഗ്യകരമായ ഗർഭധാരണത്തിനും കുട്ടികളുടെ വളർച്ചയിൽ ശ്രദ്ധിക്കുന്നതിനും ഈ പ്രായവ്യത്യാസം നല്ലതാണെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്.

എന്തായാലും ഇത്തരം കാര്യങ്ങളിലുള്ള അപക്വമായ പ്രതികരണങ്ങൾ ഇരുകൂട്ടരേയും മുറിപ്പെടുത്തുകയേ ഉള്ളൂ. രഹസ്യാത്മകതയുള്ള ഇവ്വിധം കാര്യങ്ങൾ വീടിന്റെ അകത്തളത്തിൽവെച്ചുതന്നെ പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്. രോഗം വന്നിട്ടു ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ നോക്കുകയാണ് നലതെന്ന തത്ത്വവും ഇവിടെ പ്രസക്തമാണ്.

> കുടുംബത്തിന്റെ സുസ്ഥിതിക്കും വളർച്ചയ്ക്കും ഇത്തരത്തിലുള്ള പുരുഷമേധാവിത്ത്വവും സ്ത്രീയുടെ ചെറുപ്രായവും അത്യന്താപേക്ഷിതമാണെന്നു ചിലർ വാദിക്കുന്നു.



# ദൈവസ്വരത്തിനു കാതോർത്തു കാതോർത്ത്...

**മേഴ്സി വെട്ടികുഴക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഒരു സന്ധ്യാനേരം എന്തോ അത്യാവശ്യം പ്രമാണിച്ച് വീട്ടിലേക്ക് ഫോൺ ചെയ്തപ്പോൾ, ഏറെനേരം കഴിഞ്ഞ് നാലു വയസ്സുകാരൻ കുസൃതിക്കുട്ടന്റെ സ്വരമാണ് കേട്ടത് *"ആന്റീ ഞങ്ങൾ കുരിശു വരയ്ക്കുവാ... കുരിശു വരച്ചുമ്പോഴാണോ ഫോൺ വിളിക്കുന്നത്?"* അല്പം ജാള്യത അനുഭവപ്പെട്ടെങ്കിലും ആ ചോദ്യത്തോട് ആദരവും ഒപ്പം അവന്റെ ഇളംമനസ്സിൽ വിശ്വാസനാളം തെളിഞ്ഞതിൽ അഭിമാനവും തോന്നി.

ഈ ലോകത്തിൽ ജന്മമേകി, മാമോദീസായിലൂടെ സ്വന്തമാക്കി സ്നേഹിക്കുന്ന ദൈവപിതാവിന്റെ മധുരസ്വരത്തിന് കാതോർക്കുന്ന നിമിഷങ്ങൾ! കുടുംബത്തിൽ മാതാപിതാക്കളും മക്കളും കൊച്ചുമക്കളും ഒന്നുചേർന്ന് ദൈവസ്വരം ശ്രവിക്കുന്ന പ്രാർത്ഥനാനിമിഷങ്ങളിൽ ഏകാഗ്രതയ്ക്കും ഏകാന്തതയ്ക്കും യാതൊരുവിധ പ്രാധാന്യവും കല്പിക്കാത്ത സ്ഥിതിവിശേഷമല്ലേ സംജാതമായിരിക്കുക! മാധ്യമങ്ങളുടെ അതിപ്രസരങ്ങൾക്കും ലോകത്തിന്റെ ഒച്ചപ്പാടുകൾക്കുമിടയിൽ ദൈവസ്വരം കേൾക്കുവാൻ മനുഷ്യനിന്ന് കഴിയുന്നില്ല. സ്വന്തമായ കാര്യലാഭത്തിനുവേണ്ടി, നേട്ടങ്ങൾക്കുവേണ്ടി, സുഖേച്ഛയ്ക്കുവേണ്ടി പൊരിവെയിലത്തും മഴയത്തും മണിക്കൂറുകൾ ചെലവഴിക്കേണ്ടി വന്നാലും പ്രശ്നമില്ലാത്ത ഒരു കൂട്ടർ! മദ്യഷാപ്പുകളുടെയും വലിയ വലിയ ഷോപ്പിംഗ് സെന്ററുകളുടെയും മുൻപിൽ നീണ്ട സമയം ക്യൂ നില്ക്കേണ്ടിവരുമ്പോൾ മഴയും വെയിലും ചൂടും തണുപ്പും ഒന്നും വകവയ്ക്കാത്ത മറ്റൊരു കൂട്ടർ! യാത്ര പുറപ്പെടുംമുമ്പേ വാഹനസമയങ്ങൾ മുൻകൂട്ടി മനസ്സിലാക്കി അല്പം നേരത്തേ ചെന്നെത്തുന്നവരാണ് നാമെല്ലാവരും. ഗാനമേള പോലുള്ള പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനു മുമ്പേ സീറ്റ് പിടിക്കാൻ ആൾക്കാർ ഓടിയെത്തും. എന്നാൽ, തൊട്ടടുത്ത ദൈവാലയത്തിൽ പ്രഭാതമണി, തുടർന്ന് ഒന്നാംമണി, രണ്ടാം മണി, മൂന്നാം മണി അങ്ങനെ എത്ര മണികൾ മുഴങ്ങിക്കേട്ടാലും പുരോഹിതന്റെ പ്രസംഗംകൂടി കഴിഞ്ഞിട്ട് എത്താമെന്നു കരുതുന്നവരും വിരളമല്ല. **'കർത്താവിന്റെ ദിവസം'** എന്നു വിശേഷിപ്പിക്കപ്പെടുന്ന **ഞായറാഴ്ചകൾ** ഇന്ന് പലരും സ്വന്തം ദിവസമാക്കി മാറ്റിയിരിക്കുന്നു. പള്ളിയിൽ പോയാൽ എന്തു നേട്ടം? എന്നാൽ **ആഘോഷങ്ങളുടെ ആഘോഷമായ പരി. കുർബാനയർപ്പണത്തിലൂടെ ഒരു വിശ്വാസിക്ക് കൈവരുന്ന ആത്മീയനേട്ടം പണംകൊടുത്തു വാങ്ങാനാവില്ലെന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൂടാ.**

ഇന്ന് ലോകത്തിൽ, നമ്മുടെ മദ്ധ്യേ വസിക്കുന്ന മിശിഹായെ കാണുവാനും കേൾക്കുവാനും സ്പർശിക്കുവാനും അനുഭവിക്കുവാനും കഴിയുന്നത് മിശിഹായുടെ ശരീരമാകുന്ന സഭയിലൂടെ മാത്രമാണ്. ഉത്ഥിതനായ മിശിഹാ സഭയിൽ ജീവിക്കുന്നുവെന്ന യാഥാർത്ഥ്യം വി. പൗലോസ് ശ്ലീഹാ മനസ്സിലാക്കിയത് ഡമാസ്കസിലേക്കുള്ള യാത്രാമദ്ധ്യേയാണ് (നട 9:19). താൻ മിശിഹായെയാണ് പീഡിപ്പിച്ചതെന്ന് അന്നുവരെ തിരിച്ചറിയാത്ത പൗലോസ് അവിടുത്തെ സ്വരം തിരിച്ചറിഞ്ഞതു മുതൽ "ഈശോമിശിഹാ എന്നെ സ്വന്തമാക്കിയിരിക്കുന്നു" എന്ന് ഉദ്ഘോഷിച്ചുതുടങ്ങി.





ശ്ലീഹന്മാരാകുന്ന അടിത്തറയിൽ പണിയപ്പെട്ട്, രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ട സഭാതരു സകല നന്മകളും സഹായങ്ങളും നിറഞ്ഞ് മുടിചൂടി നില്ക്കുന്നു. സഭയോടു ചേർന്നു നില്ക്കുന്നവർക്കേ മിശിഹായോട് ചേർന്നുള്ള ജീവിതം സാധ്യമാകൂ. തായ്ത്തണ്ടിനോടു ചേർന്നു നില്ക്കുന്ന ശാഖകൾക്കേ യഥാർത്ഥമായ ഫലം പുറപ്പെടുവിക്കാനാവൂ. "നിങ്ങൾ എന്നിൽ വസിക്കുവിൻ'' എന്നാണ് ഈശോ പറയുന്നത്. എന്നിൽ വസിക്കുക എന്നതിന്റെ അർത്ഥം 'എന്റെ സ്നേഹത്തിൽ നിലനില്ക്കുക' എന്നാണ്. മിശിഹായുടെ സ്നേഹത്തിൽ നിലനി ല്ക്കുന്നവർക്ക് നല്ല ഫലം - 'സ്നേഹത്തിന്റെ ഫലം' പുറപ്പെടുവിക്കാതിരിക്കാനാവില്ല.

ഒന്നാം നൂറ്റാണ്ടിൽ മതപീഡനത്തിനിരയായ ഫെലിസികാസ് എന്ന യുവതി കൊല ചെയ്യപ്പെടുന്നതിന് മൂന്നു ദിവസം മുമ്പ് ഒരു കുഞ്ഞിനു ജന്മം നല്കുകയുണ്ടായി. തടവിൽകിടന്ന് വേദനയാൽ പുളഞ്ഞ അവളോട് പടയാളികൾ ചോദിച്ചു: "ഇപ്പോൾ നീ ഇങ്ങനെ നിലവിളിച്ചാൽ, മൂന്നു ദിവസം കഴിഞ്ഞ് ഹിംസ്രജന്തുക്കളുടെ മുമ്പിലേക്ക് നിന്നെ എറിഞ്ഞുകൊടുക്കുമ്പോൾ നീ എന്തു ചെയ്യും?'' ''ഇപ്പോൾ ഞാൻ നിലവിളിക്കുന്നത് എനിക്കുവേണ്ടിയാണ്, മൂന്നു ദിവസം കഴിയുമ്പോൾ എനിക്കുവേണ്ടി പീഡനങ്ങൾ ഏറ്റുവാങ്ങിയ **മിശിഹായ്ക്കുവേണ്ടിയാണ് ഞാൻ സഹനങ്ങൾ ഏല്ക്കുന്നത്, അവൻ എന്നോടുകൂടിയുണ്ട്".** ഇതായിരുന്നു അവളുടെ മറുപടി.

ജീവിതത്തിലുടനീളം - സന്തോഷത്തിന്റെ നിമിഷങ്ങളിലും വേദനയുടെ നിമിഷങ്ങളിലും-ദൈവസ്വരം കേൾക്കുവാനും ദൈവസ്നേഹത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും പരി. അമ്മയ്ക്ക് സാധിച്ചത് അവൾ എല്ലാ അനുഭവങ്ങളും ഹൃദയത്തിൽ സംഗ്രഹിച്ചതുകൊണ്ടാണ്. അവൾക്ക് എല്ലാ അനുഭവങ്ങളിലും ദൈവസ്നേഹത്തിന്റെ കരസ്പർശം അനുഭവിക്കുവാൻ കഴിഞ്ഞു. പരി. അമ്മയെപ്പോലെ അനുദിന ജീവിതാനുഭവങ്ങൾ പ്രാർത്ഥനയിൽ കൊണ്ടുവരാനും, ജീവിതത്തിൽ ദൈവം നല്കുന്ന എണ്ണമറ്റ കൃപകൾക്ക് ആത്മാർത്ഥമായി നന്ദി അർപ്പിക്കുവാനും അവിടുത്തെ സന്നിധിയിൽ ഹൃദയം തുറക്കുവാനും നമുക്കു കഴിയണം. നമ്മിലെ വിശ്വാസനാളം ഒരിക്കലും മങ്ങിപ്പോകുവാനിടയാവരുത്.

ലോകശബ്ദത്തിനപ്പുറമായി ദൈവശബ്ദത്തെ തിരിച്ചറിയുവാൻ കഴിയുന്നത് ഹൃദയത്തിൽ ജാഗ്രതയുള്ളവർക്കാണ്. ശബ്ദമുഖരിതമായ ലോകത്തിൽ ദൈവസ്വരം തിരിച്ചറിയണമെങ്കിൽ ഉറക്കത്തിനുപോലും നഷ്ടപ്പെടുത്തുവാൻ സാധിക്കാത്ത ജാഗ്രതയും ഉണർവ്വും ആവശ്യമാണെന്ന് സാമുവേലിന്റെ അനുഭവം വ്യക്തമാക്കുന്നുണ്ട് (1 സാമു 3:10-12). മൂന്നു പ്രാവശ്യവും തിരിച്ചറിയാൻ കഴിയാഞ്ഞ ദൈവസ്വരം നാലാം പ്രാവശ്യം തിരിച്ചറിയാൻ കഴിഞ്ഞത് ഹൃദയത്തിലെ ഉണർവ്വുകൊണ്ടാണ്.



ലൗകിക ചിന്തകളും വ്യക്തിപൂജകളും മനുഷ്യമനസ്സിൽ ആകർഷണവലയങ്ങൾ സൃഷ്ടിക്കുമ്പോൾ ഭൗതികതയിൽനിന്നുണർന്ന് ആത്മീയതയിൽ വ്യാപരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത് ദൈവസ്വരമാണ്. ബനഡിക്ട് പതിനാറാമൻ മാർപാപ്പാ ഒരിക്കൽ റോമൻ സെമിനാരിയിലെ സന്ദർശനവേളയിൽ ശെമ്മാശന്മാരുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടിരുന്ന അവസരത്തിൽ ഒരു ശെമ്മാശൻ അദ്ദേഹത്തോട് ചോദിച്ചത് ഇപ്രകാരമായിരുന്നു: "പരി. പിതാവേ, ശബ്ദമുഖരിതമായ ഈ ലോകത്തിൽ, ആയിരക്കണക്കിന് സ്വരങ്ങളുടെ മദ്ധ്യേ എപ്രകാരമാണ് ദൈവസ്വരം തിരിച്ചറിയാൻ കഴിയുക"? പാപ്പായുടെ മറുപടി ഇപ്രകാരമായിരുന്നു: "വി. ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം ശ്രവിച്ചാൽ, അത് സഭയുടെ മടിയിൽ ഇരുന്നുകൊണ്ട് ആയാൽ, തീർച്ചയായും നിങ്ങൾക്ക് ദൈവസ്വരം തിരിച്ചറിയാൻ സാധിക്കും'' *(ഒസർവത്തോരെ റൊമാനോ)*

ദൃശ്യമായ ലോകത്തിലൂടെ എപ്പോഴും ദൈവം നമ്മോടു സംസാരിക്കുകയാണ്. പ്രകാശവും അന്ധകാരവും വായുവും അഗ്നിയും ജലവും മണ്ണും മരങ്ങളും ഫലങ്ങളും ദൈവത്തെപ്പറ്റിയാണ് നമ്മോടു സംസാരിക്കുക. അവയെല്ലാം അവിടുത്തെ മഹത്ത്വത്തെ വിളിച്ചറിയിക്കുകയാണ്. ആകയാൽ ദൈവസാന്നിദ്ധ്യത്തിൽ ജീവിച്ച്, ദൈവഹിതം ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ നമുക്കു സാധിക്കട്ടെ. അതിനായി ദൈവസ്വരത്തിന് കാതോർക്കാം.

# ഘടികാരം

**ഷിജി പറപ്പള്ളിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഉറക്കച്ചടവിന്റെ ആലസ്യത്തിലെവിടെയോ ക്രമാനുഗതമായ ആ ശബ്ദം അവനെ ഉണർത്തി! ടിങ്.... ടോങ്.... ടിങ്.... ടോങ്.... ഇരുൾ മറയിലെവിടെയോ സൂക്ഷിച്ച ശബ്ദത്തോട് മറുതലിക്കുന്ന ഒരു മുറവിളിയായി അതുണർന്നു. ദീർഘനിശ്വാസത്തോടെ ഭിത്തിയിൽ ചേർന്നിരിക്കുന്ന ഘടികാരത്തിലേക്ക് നിരാശയുടെ മിഴിയണകൾ പായിച്ചു. അറിയാതെ ശപിച്ചു. ഇതെന്തു കാലം! ഘടികാരത്തിന്റെ മൗനം വാചാലമായി. "സുഹൃത്തേ, നിന്നെപ്പോലെ 'ഈ കാസ മാറിപ്പോകട്ടെ'യെന്ന് വിലപിച്ചവൻ നിന്റെ ചാരത്തുണ്ടല്ലോ; വേദനയുടെ അന്ധകാരത്തിന് മൂല്യം നൽകുന്ന പൊൻപുലരി ഉണ്ടാവും...ഉറപ്പാ...! എന്റെ വൃത്താകാരമായ മുഖം നിന്റെ ഓരോ നിമിഷത്തെയും ജീവിത ചലനങ്ങളെയും കൈനീട്ടി ആശ്ലേഷിച്ചുകൊണ്ട് നീങ്ങുന്നു. ഓരോ അക്കത്തിനും അതിന്റേതായ അർത്ഥവും വ്യാപ്തിയുമുണ്ട്. ഒരക്കമെങ്കിലും അടർത്തിമാറ്റിയാൽ പൂർണ്ണതയുടെ പൂർണ്ണിമ എന്നേയ്ക്കുമായി അറ്റുപോകും. എന്നിലുള്ള അക്കങ്ങൾ പോലെ മൂല്യമുള്ളതാണ് നിന്റെ ജീവിതവും. സ്രഷ്ടാവിന്റെ സ്നേഹോഷ്മളമായ കരങ്ങൾ നിന്നെ എപ്പോഴും തഴുകി കടന്നുപോകുന്നു. നിന്റെ വേദനയുടെ മാറാപ്പ് വിഷാദമറയ്ക്കുള്ളിൽ ഒളിപ്പിച്ച് വിങ്ങുമ്പോഴും നീ അറിയാതെ മുതുകിലെ വേദനയുടെ ഭാണ്ഡം കൈകളിലൊതുക്കി സംരക്ഷിക്കുന്ന നിശബ്ദ താളം. നീ അറിയാതെ നിന്റെ ഉള്ളിന്റെ ഉള്ളിനെ തൊട്ടറിയുന്ന നിവർന്ന കരങ്ങൾ നിനക്കു നേരെ തിരിയുന്നുണ്ട്. ശവക്കുഴിയിൽ അടയ്ക്കപ്പെട്ടവന്റെ കെട്ടഴിക്കാൻ ശബ്ദിച്ചവൻ നിന്റെ ജീവിതത്തിന്റെ നഗ്നതയിലേക്ക് സ്നേഹത്തിന്റെ കരം തുറക്കുന്നു. നിന്റെ ഉള്ളിന്റെ ഉള്ളറയിൽ നിക്ഷേപിച്ച ജീവജലത്തിന്റെ ആഴത്തിലുള്ള കുനിഞ്ഞുനോട്ടം ആ കരത്തിന്റെ ശക്തിപ്രചോദനമേകട്ടെ. ഇനിയും കണ്ടെത്താത്ത ഉറവകൾ നിനക്കുവേണ്ടിയാണെന്ന് ഓർമ്മിപ്പിക്കട്ടെ". ഘടികാരം തുടർന്നു ടിങ്.... ടോങ്.... ടിങ്.... ടോങ്....







വിശുദ്ധരോടൊപ്പം



# വിശുദ്ധമീ യൗവ്വനം

## വി. റാഫേൽ അർനെയ്സ്

**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"പരീക്ഷയിൽ തോറ്റത്തിന് +2 വിദ്യാർത്ഥി ആത്മഹത്യ ചെയ്തു". "മയക്കുമരുന്നിനടിമകളായ മൂന്നു യുവാക്കൾ പുഴയിൽ മുങ്ങിമരിച്ചു". "നേഴ്സിങ് വിദ്യാർത്ഥികളായ യുവാക്കൾ സഹപാഠികളായ വിദ്യാർത്ഥിനികളെ കൂട്ടബലാൽസംഗം ചെയ്തു".

"മൊബൈൽ ഫോണിലൂടെ വിദ്യാർത്ഥിനിയുടെ നഗ്നചിത്രമെടുത്ത വിദ്യാർത്ഥികൾ പോലീസ് വലയിലായി". ക്യാൻസർ രോഗബാധിതനായ യുവാവ് ആത്മഹത്യ ചെയ്തു!!



ഈ ദിവസങ്ങളിലെ പത്രവാർത്തകളിലൂടെ കടന്നുപോയപ്പോൾ തകർന്നുടയുന്ന യൗവ്വനങ്ങളുടെ ജീവിക്കുന്ന ചിത്രമാണ് മനസ്സിൽ പതിഞ്ഞത്. പ്രതിബന്ധങ്ങളുടെ നടുവിൽ ഇയാംപാറ്റയെപ്പോലെ പിടഞ്ഞ് സ്വയം ചിതയൊരുക്കുന്ന ആധുനിക യുവതലമുറ!!!

ഓജസ്സും തേജസ്സും കരുത്തുമുള്ള യൗവ്വനത്തിൽ വഴിതെറ്റിയലയുന്ന യുവജനതയ്ക്ക് വഴികാട്ടിയായി ഒരു വിശുദ്ധനെ ബനഡിക്റ്റ് പാപ്പ നൽകുകയുണ്ടായി - വി. റാഫേൽ അർനെയ്സ്.

ആഗോളവൽക്കരണത്തിന്റെ ശീഘ്രഗതിയിൽ പരക്കം പായുന്ന ആധുനിക യുവജനതയ്ക്ക് തുറന്നുവായിക്കാനുള്ള ഒരു പുസ്തകമാണ് വി. റാഫേൽ അർനെയ്സിന്റെ ജീവിതം!! വിശുദ്ധന്റെ ജീവിതത്തിലൂടെ കടന്നുപോയപ്പോൾ ശ്ലീഹാക്കാലം ചൊവ്വാഴ്ചയിലെ ഓനിസാദ്സപ്രായാണ് മനസ്സിലേക്ക് കടന്നുവന്നത്.

"വിശ്വാസം ശരണം ഉപവിയുമായുധമായ്
വിരവോടെടുത്തു സദാ
ലോകത്തിന്റെ ദുരാശകളെ
നിഹനിച്ചാത്മബലം നേടി
നിയതം നീങ്ങി ജയിക്കുകയാൽ
അവരെന്നും മകുടം ചൂടുന്നു"

## പ്രതീക്ഷയുടെ പൂമൊട്ടുകൾ

അതെ, കേവലം 27 വർഷം മാത്രം ജീവിച്ച റാഫേലിന്റെ വിശുദ്ധ ജീവിതത്തിന്റെ സാരസംഗ്രഹം ഈ ഈരടികളിൽ പ്രശോഭിച്ചു നിൽക്കുന്നുണ്ട്.

സ്പെയിനിലെ സർഗോസ് നഗരത്തിലുള്ള സമ്പന്ന കുടുംബത്തിലാണ് റാഫേൽ ഭൂജാതനായത്. അടിയുറച്ച കത്തോലിക്കാവിശ്വാസികളായ മാതാപിതാക്കളുടെ സീമന്തപുത്രനായിരുന്നു റാഫേൽ.

സമ്പന്നതയുടെ നടുവിലും ദൈവികകാര്യങ്ങളിൽ അതീവതല്പരനായിരുന്നു ഈ കൊച്ചുബാലൻ. പഠനത്തിൽ അതിസമർത്ഥനായിരുന്ന ഈ ബാലൻ മാതാപിതാക്കളുടെയും അധ്യാപകരുടെയും കണ്ണിലുണ്ണിയായിരുന്നു. പ്രായത്തിൽ കവിഞ്ഞ ബുദ്ധിശക്തിയും പക്വതയും പ്രകടിപ്പിച്ചിരുന്ന റാഫേൽ ഏവരുടെയും പ്രിയങ്കരനായിരുന്നു. ആരെയും ആകർഷിക്കുന്ന ആത്മീയ സ്പർശമുള്ള വ്യക്തിത്വത്തിനുടമയായിരുന്നു അവൻ. പക്ഷേ നന്നേ ചെറുപ്പം മുതൽ രോഗങ്ങൾ അവന്റെ സന്തത സഹചാരിയായിരുന്നു.

തുടരെത്തുടരെയുള്ള പനിയും ശ്വാസംമുട്ടലും കാരണം ഇടയ്ക്കുവച്ച് പഠനം നിറുത്തേണ്ടതായിവന്നു. ഒരിക്കൽ രോഗം മൂർച്ഛിച്ച് മരണാസന്നനായപ്പോൾ മാതാപിതാക്കൾ അവനെ മാതാവിന് സമർപ്പിച്ചു. മാതാവിന്റെ മധ്യസ്ഥതയിൽ രോഗവിമുക്തി നേടിയ റാഫേൽ ജീവിതകാലം മുഴുവൻ മാതൃഭക്തനായിരുന്നു.

പൂർണമായി ദൈവത്തിന് തന്നെത്തന്നെ സമർപ്പിക്കുവാനുള്ള അഭിവാഞ്ഛ അവനിൽ രൂഢമൂലമായി. തന്റെ സ്വന്തമാകാൻ കൊതിക്കുന്നവന്റെ ആഗ്രഹം സാധിച്ചുകൊടുക്കുന്ന കർത്താവ് അനുകൂല സാഹചര്യങ്ങൾ അവനായി ഒരുക്കി. യാക്വെദായിലെ പ്രഭുവും തന്റെ അങ്കിളുമായ ലിയോ ഫോർഡിനോടും ആന്റി മരിയയോടുമൊപ്പം ആവിലായിലുള്ള അവരുടെ വസതിയിൽ ഒഴിവുകാലം ചെലവഴിക്കാനെത്തിയത് റാഫേലിന്റെ ജീവിതത്തിൽ വഴിത്തിരിവായി. ആ ഭവനത്തിലെ ആത്മീയാന്തരീക്ഷം അവന്റെ സമർപ്പണജീവിതത്തിന് വളമേകി. വളർന്ന് പുഷ്പിക്കാൻ ഇടയാക്കി.

> സമ്പന്നതയുടെ നടുവിലും ദൈവികകാര്യങ്ങളിൽ അതീവതല്പരനായിരുന്നു ഈ കൊച്ചുബാലൻ.

അങ്കിളും ആന്റിയുംകൂടി റാഫേലിനെ സാൻ ഇസിദോറാ ദെ സ്യൂനാസിലുള്ള ഗ്രപിസറ്റ ആശ്രമത്തിൽ അവനെ കൊണ്ടുപോവുകയും സന്ന്യാസികളുമായി അവനെ പരിചയപ്പെടുത്തികൊടുക്കുകയും ചെയ്തു.

ആശ്രമാന്തരീക്ഷം അവന്റെ ആത്മാവിന്റെ അന്തരാളങ്ങളിലുള്ള ദൈവവിളിയെ തൊട്ടുണർത്തി. ബാല്യം മുതലുള്ള അവന്റെ ആഗ്രഹപൂർത്തീകരണത്തിനായി കർത്താവ് അവനായി തെരെഞ്ഞെടുത്ത പുണ്യഭൂമിയായിരുന്നു ഈ ആശ്രമം! ആത്മീയാനന്ദം കൊണ്ടും ദൈവസ്നേഹംകൊണ്ടും കത്തിജ്വലിച്ച ഈ യുവാവിന്റെ തുടർന്നുള്ള ജീവിതം സഹനങ്ങളുടെ തീച്ചൂളയിലൂടെയായിരുന്നു. ആശ്രമത്തിൽ പ്രവേശിച്ച് നാലുമാസം കഴിഞ്ഞപ്പോൾ ഗുരുതരമായ പ്രമേഹരോഗത്തിന് അവൻ അടിമപ്പെട്ടു. ക്ഷീണിതനായ റാഫേൽ ചികിത്സാർത്ഥം സ്വഭവനത്തിലേക്ക് മടങ്ങിപ്പോകാൻ നിർബന്ധിതനായി. രോഗത്തിന് അൽപം ശമനമുണ്ടായപ്പോൾ ആശ്രമത്തിലേക്കു മടങ്ങിയെത്തിയെങ്കിലും 1935ലും 1937 ലും രോഗം മൂർച്ഛിക്കുകയും രണ്ടു പ്രാവശ്യവും ഭവനത്തിലേക്കു മടങ്ങിപ്പോകാൻ നിർബന്ധിതനാവുകയും ചെയ്തു.

ആരും തളർന്നുപോകുന്ന നിമിഷം! സമ്പത്തും സ്ഥാനമാനങ്ങളും ബുദ്ധിശക്തിയും കഴിവുകളും ആത്മീയസ്പർശമുള്ള വ്യക്തിത്വവും കർത്താവിന് സമർപ്പിച്ചിട്ട് തിരികെ കിട്ടിയതോ കഠിനരോഗപീഡകൾ. എത്രപ്രാവശ്യം ഭവനത്തിലേക്ക് തിരിച്ചു പോന്നു. സഹജരുടെയും കുടുംബാംഗങ്ങളുടെയും നിരുൽസാഹപ്പെടുത്തുന്ന വചനങ്ങളും കഠിനമായ രോഗങ്ങളും അവന്റെ ശരീരത്തെ മാത്രമേ ദുർബലപ്പെടുത്തുവാൻ സാധിക്കുമായിരുന്നുള്ളൂ. ദൈവത്തിനായി സമർപ്പിക്കപ്പെട്ട അവന്റെ മനസ്സിനെയും ഹൃദയത്തെയും തളർത്തുവാൻ ഒരു ശക്തിക്കുമാകുമായിരുന്നില്ല.

സന്ന്യാസവ്രതങ്ങൾ ഔദ്യോഗികമായി സ്വീകരിക്കാൻ ആഗ്രഹിച്ചിരുന്നെങ്കിലും ആരോഗ്യസ്ഥിതി മോശമായിരുന്നതിനാൽ കാനൻ നിയമം അതിനനുവദിച്ചില്ല.

> ദൈവത്തിനായി സമർപ്പിക്കപ്പെട്ട അവന്റെ മനസ്സിനെയും ഹൃദയത്തെയും തളർത്തുവാൻ ഒരു ശക്തിക്കുമാകുമായിരുന്നില്ല.

നാമായിരുന്നെങ്കിലോ റാഫേലിന്റെ സ്ഥാനത്ത്? ആദ്യം കണ്ട പത്രവാർത്തകളിൽ ഒരാളാകുമായിരുന്നോ? ആധുനിക യുവത്വം ഈ യുവത്വത്തിൽനിന്നും ആർജ്ജിച്ചെടുക്കേണ്ട ഓജസ്സും തേജസ്സും കരുത്തും ഈ ആത്മീയ തീക്ഷ്ണതയാണ്.

രോഗത്തിന്റെ വേദനകളും കഠിനമായ ജീവിതപ്രതിസന്ധികളും അസ്വസ്ഥതകളും ആകുലതകളും അല്ല അവനിൽ സൃഷ്ടിച്ചത്. പ്രത്യുത ഈശോയൊടൊപ്പം സഹിക്കുവാൻ അവസരം ലഭിച്ചതിന്റെ ആനന്ദമാണ് അവന് സമ്മാനിച്ചത്. പൗലോസ് ശ്ലീഹായെപ്പോലെ അവനും തന്റെ രോഗക്കിടക്കയിൽ കിടന്ന് ജീവിതത്തിലൂടെ ഉച്ചൈസ്തരം ഉദ്ഘോഷിച്ചു. ‘‘മിശിഹായുടെ സ്നേഹത്തിൽനിന്ന് ആരെന്നെ വേർപ്പെടുത്തും? ക്ലേശമോ ബന്ധനമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ”?

“നിന്നെപ്രതി അനുദിനം ഞങ്ങൾ കൊല്ലപ്പെടുന്നു. അറക്കപ്പെടാനുള്ള ആടുകളെപ്പോലെ കരുതപ്പെടുന്നു” എന്ന് എഴുതിയിരിക്കുന്നതുപോലെ നമ്മെ സ്നേഹിക്കുന്നവൻവഴി ഇവയിലെല്ലാം നാം വിജയിക്കുന്നു. എന്തുകൊണ്ടെന്നാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ, ആധിപത്യങ്ങൾക്കോ ശക്തിക്കോ, ഇപ്പോഴുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ഉയരത്തിനോ ആഴത്തിനോ മറ്റെന്തെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ ഈശോമിശിഹായിലുള്ള ദൈവസ്നേഹത്തിൽനിന്ന് എന്നെ വേർപ്പെടുത്തുക സാധ്യമല്ലെന്ന് എനിക്കുറപ്പുണ്ട്.

അതെ, അറക്കപ്പെടുന്ന കുഞ്ഞാടിന്റെ അനുഭവങ്ങളിലൂടെയാണ് അനുദിനം റാഫേൽ നടന്നുനീങ്ങിയത്. ആകാശവീഥിയിൽനിന്ന് ഭൂമിയിലേക്കടർന്നു വീണ് മണ്ണിനു നനവ് പടർത്തി അലിഞ്ഞില്ലാതാവുന്ന ഒരു വെൺമഞ്ഞുകണം പോലെ, ആ ധന്യജീവിതവും ഇഹലോകവാസം പൂർത്തിയാക്കി ദൈവത്തിൽ വിലയംപ്രാപിച്ചു.

1938 ഏപ്രിൽ 26 ന് ഇരുപത്തിയേഴു വർഷം മാത്രം നീണ്ട ഈ ജീവിതയാത്ര സന്ന്യാസാശ്രമത്തിന്റെ നാലു ചുവരുകളിൽ അവസാനിച്ചു!

ഇല്ല, അവസാനിച്ചില്ല. ഇസിദോറിലെ റാഫേലിന്റെ കബറിടം ഒരു തീർത്ഥാടനകേന്ദ്രമായി. 1992 സെപ്റ്റംബർ 27 ന് ജോൺപോൾ രണ്ടാമൻ മാർപാപ്പാ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2009 ഒക്ടോബർ 11 ന് ബനഡിക്ട് പതിനാറാമൻ പാപ്പാ അദ്ദേഹത്തെ വിശുദ്ധനായി നാമകരണം ചെയ്തു.

അതെ, ശ്ലീഹാ-കൈത്താക്കാലത്ത് വിശ്വാസം വീരോചിതമായി ജീവിച്ച വിശുദ്ധന്റെ ജീവിതം നമ്മുടെ മാതൃകയാകട്ടെ. ജീവിതപ്രതിസന്ധികളിൽ കാലിടറാതെ വിശുദ്ധജീവിതം നയിക്കാനുള്ള കൃപയ്ക്കായി വി. റാഫേൽ അർനെയ്സിനോടു നമ്മുടെ മാധ്യസ്ഥ്യം അപേക്ഷിക്കാം.

കഥ

# ധന്യ



ജാൻസി അഗസ്റ്റിൻ
കറുകപറമ്പിൽ

തിരക്കുനിറഞ്ഞ ഒരു ദിനത്തിന്റെ കൂടി അന്ത്യമായി. അലക്കി ഉണക്കിയ തുണികൾ മടക്കി വയ്ക്കുകയായിരുന്നു ആലീസ്റ്റീച്ചർ. ക്ഷീണം തോന്നിയാലും ചെയ്യേണ്ട ജോലികൾ കൃത്യമായി ചെയ്തുതീർക്കുക എന്നത് റ്റീച്ചറിന്റെ ശീലമാണ്. അതുകൊണ്ടാണല്ലോ കുട്ടികൾക്കും അധ്യാപകർക്കുമെല്ലാം റ്റീച്ചർ ഒരു മാതൃകയായത്. റ്റീച്ചറിന് മൂന്നു മക്കൾ. മൂത്തതു രണ്ട് ആൺകുട്ടികൾ. ഇളയത് ഒരു പെൺകുട്ടി. ഭർത്താവ് ഒരു സർക്കാരുദ്യോഗസ്ഥൻ. സാമാന്യമായി ജീവിച്ചുപോകാനുള്ള സാമ്പത്തിക സ്ഥിതിയുണ്ട്. തുണികൾ അടുക്കിത്തീരാറായപ്പോഴാണ് മൂത്തമകന്റെ ഷർട്ടിന്റെ പോക്കറ്റിൽ ആ പേപ്പർ റ്റീച്ചർ കണ്ടത്. 'ച്ഛെ താനത് അലക്കിയപ്പോൾ എടുത്തുമാറ്റിയില്ല'ല്ലോ. പേപ്പർ മെല്ലെ നിവർത്തി നോക്കി. ഇടയ്ക്കിടെ നനഞ്ഞു കുതിർന്നു മാഞ്ഞുപോയെങ്കിലും അതു നിവർത്തി റ്റീച്ചർ മേശപ്പുറത്തുവച്ചു. "എന്റെ വാക്കുകൾ അമ്മയെ വേദനിപ്പിച്ചുവെങ്കിൽ എനിക്കു മാപ്പുതരണം" കത്തിലെ വരികളിലൂടെ വീണ്ടും വീണ്ടും റ്റീച്ചർ കണ്ണോടിച്ചു. അതു മൂത്തമകന്റെ കയ്യക്ഷരമാണ്. വല്യദേഷ്യക്കാരനാ. ഒന്നു പറഞ്ഞ് രണ്ടാമത്തേതിന് ശബ്ദമുയർത്തി പറയും. എങ്കിലും അമ്മയോട് അവന് കരുതലുണ്ട്. അവന്റെ ദേഷ്യമെല്ലാം മറ്റെവിടെയാണ് പ്രകടിപ്പിക്കുക. ഇന്നലെ എന്താണു സംഭവിച്ചത്. ഇത്തരമൊരു ക്ഷമാപണം നേരിൽ പറയാതെ എന്തിനാണവൻ പോക്കറ്റിലിട്ടത്... റ്റീച്ചർ അവൻ കിടക്കുന്ന മുറിയിലേക്കു നോക്കി കട്ടിലിൽ നിന്നിറങ്ങി നിലത്തുകിടക്കുകയാണ് അവൻ. പഠിക്കാനുള്ള പുസ്തകം നെഞ്ചിലിരിപ്പുണ്ട്. വാ പൊളിച്ച് ഉറങ്ങിക്കൊണ്ടിരിക്കുന്ന അവന്റെ മുഖത്ത് നിഷ്കളങ്കമായ ദൈവിക ഭാവം ഓളം വെട്ടുന്നുണ്ട്. ഇന്നലെ പള്ളിയിൽ പോയിട്ടുവന്ന് എഴുതിയതാകും ആ കുറിപ്പടി. പന്തക്കുസ്തായ്ക്കുള്ള ഒരുക്കപ്രാർത്ഥനയുടെ സമയത്ത് പരിശുദ്ധാത്മാവിനുവേണ്ടി ദാഹിച്ചു പ്രാർഥിക്കാൻ, ചിന്തകളിലും പ്രവൃത്തികളിലും മാറ്റം വരുത്താൻ, പാപബോധത്തോടും പശ്ചാത്താപത്തോടുംകൂടെ പരിശുദ്ധാത്മാവിനെ ജീവിതത്തിലേക്കു ക്ഷണിക്കാൻ അച്ചൻ പറഞ്ഞത് അവൻ അക്ഷരംപ്രതി അനുസരിച്ചിരിക്കുന്നു. റ്റീച്ചർ ആ വരികൾ വീണ്ടും വീണ്ടും വായിച്ചു. ഒരു നിധിപോലെ ആ പേപ്പർ നെഞ്ചോടടുക്കി റ്റീച്ചർ പ്രാർത്ഥിച്ചു: "എന്റ ദൈവമേ, അവന്റെ മനസ്സിലെ നിഷ്ക്കളങ്കതയെ അതേപടി നിലനിർത്താൻ അവന്റെ ഉള്ളിൽ പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ നിറയ്ക്കേണമെ. അവന്റെ യുവത്വം അങ്ങയുടെ യുവത്വംപോലെ ദൈവപിതാവിന്റെ ഇഷ്ടം തേടുന്നതാക്കി മാറ്റേണമെ." തന്റെ ഡയറിയിലെ ഒരു പേജിലേക്ക് ആ കടലാസുകഷണത്തെപ്പറ്റിച്ചുചേർത്തപ്പോൾ റ്റീച്ചറിനുള്ളിലെ മാതൃത്വം ദൈവത്തിനു നന്ദി പറഞ്ഞു.





രൂപീകരണം

# നിശബ്ദതയിൽ ഫലമുളവാക്കുന്ന വചനം

ലീന അറയ്ക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

നിശബ്ദതയിലേ വചനം ഫലമുളവാക്കൂ. ആദിയിലെ നിശബ്ദതയിൽ ദൈവം അരുൾചെയ്തപ്പോൾ ഈ പ്രപഞ്ചം അതിന്റെ സർവ്വസൗന്ദര്യത്തോടെയും ജന്മമെടുത്തു. നസ്രസിലെ അഭൗമ നിശബ്ദതയിൽ അതേ വചനം മറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം കൈക്കൊണ്ടു. നിർഭാഗ്യവശാൽ നാം ജീവിക്കുന്നത് നിശബ്ദതയെ ശ്രവിക്കാൻ കൂട്ടാക്കാത്ത ഒരു ലോകത്താണ്. ചിന്തിക്കുവാനും ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും നിശബ്ദമായിരിക്കുവാനും അറിയാത്ത ലോകം നിത്യനിശബ്ദതയെപ്പോലും ഒഴിവാക്കാനായി യത്നിക്കുന്നു. എന്നാൽ ദൈവം പുനഃസൃഷ്ടി പ്രദാനം ചെയ്യുന്ന തന്റെ നിശബ്ദതയിലേക്ക് നിരന്തരം നമ്മെ ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ ദൈവികാകർഷണം നമ്മുടെ ചതുർവിധ ബന്ധത്തെ കൂടുതൽ ഫലസമൃദ്ധമാക്കി തീർക്കുവാനായാണ്.



**ദൈവത്തോട്:–** അനുദിന പ്രാർത്ഥനയിലൂടെയും ദൈവവചനവായനയിലൂടെയും നിശബ്ദതയിൽ സംസാരിക്കുന്ന ദൈവസ്വരം-ദൈവഹിതം നമുക്കു ശ്രവിക്കാം.

**നമ്മോടുതന്നെ:–** നാമുമായി ബന്ധപ്പെടുന്നവരോട് സ്നേഹത്തോടെ പെരുമാറുന്നതിന് ദൈവവചനത്തിന്റെ വെളിച്ചത്തിൽ മാത്രം നമ്മുടെ വാക്കുകളെ ഉപയോഗിക്കുന്നതിനായി നിശബ്ദതയിൽ ദൈവവചനത്തിനായി നമുക്കു കാതോർക്കാം.

**മറ്റുള്ളവരോട്:–** ഓരോ വ്യക്തിയോടുമുള്ള സംഭാഷണത്തിൽ ആത്മാർത്ഥമായി അവരെ ശ്രവിക്കുവാനും അവരിലോരോരുത്തരിലും അന്തർലീനമായിരിക്കുന്ന നന്മകളെ സ്വീകരിക്കുവാനുമായി നമുക്കു നിശബ്ദമായിരിക്കാം.

**സാഹചര്യങ്ങളോട്:–** ഓരോ വസ്തുവിനും ഓരോ സംഭവത്തിനും ഓരോ അനുഭവത്തിനും നമ്മുടെ ജീവിതത്തിൽ അതിന്റേതായ മൂല്യവും അർത്ഥവും ഉളവാക്കുന്നതിനായി അവയെ നിശബ്ദമായി നമുക്കു സ്വീകരിക്കാം.

# പുത്തൻ ഉടുപ്പുമായ്

റ്റെസ്സി കറുകപറമ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

പ്രിയ കൂട്ടുകാരേ,



പുതുവർഷം.....അധ്യയനം തുടങ്ങുകയല്ലേ?. പുത്തൻ ഉടുപ്പും, കുടയും, ബാഗും, പുസ്തകങ്ങളും ഒക്കെയായി ഒരു അധ്യയനവർഷംകൂടി ആരംഭിച്ചിരിക്കുന്ന വേളയിൽ വലിയ ഉത്സാഹമായിരിക്കും അല്ലേ?

കാഴ്ചയിൽ വളരെ പുതുമ തോന്നിയ വസ്ത്രമണിഞ്ഞ് മിടുക്കിയായി ക്ലാസിലേക്ക് കയറി വന്ന അനീഷയെ ഏറെ സന്തോഷത്തോടെ ഞാൻ നോക്കി. അവളുടെ ഉടുപ്പിൽ സ്നേഹപൂർവ്വം പിടിച്ചുകൊണ്ട് ഞാൻ പറഞ്ഞു: എന്റെ കൊച്ചുമിടുക്കീ... ഇന്ന് ആകെ കളർഫുൾ ആണല്ലോ? അപ്പോൾ നിറഞ്ഞ ചിരിയോടെ എന്റെ മുഖത്തേക്ക് നോക്കി അവൾ പറഞ്ഞു: 'ഇത് പുത്തനുടുപ്പല്ല ടീച്ചർ. അമ്മ അവധിക്ക് വൃത്തിയാക്കി വച്ച് തേച്ച് പുത്തനാക്കി എന്നെ ഇടുവിച്ചതാണ്.

നിഷ്ക്കളങ്കമെങ്കിലും ആ മറുപടി എന്നെ ഏറെ ചിന്തിപ്പിച്ചു. നമ്മുടെ അമ്മമാർ എത്ര കരുതലോടെ നമ്മളെ വൃത്തിയായി, മിടുക്കരായി സ്കൂളിലേക്ക് പറഞ്ഞുവിടുന്നു. എന്നാൽ ഇതിനേക്കാൾ എത്രയോ ഉപരിയായി വിശുദ്ധിയാകുന്ന വസ്ത്രം നമ്മെ അണിയിക്കാൻ ഈശോ കാത്തിരിക്കുകയാണ്. അത് നമ്മൾ ചിന്തിക്കുന്നുണ്ടോ? നമ്മുടേതായ ഇഷ്ടങ്ങളും താല്പര്യങ്ങളും ഒക്കെ തേടി നടന്ന് പരി. ആത്മാവിനാൽ നിറയപ്പെടാതെ മലിനത നിറഞ്ഞ ചിന്തകളാൽ നിറയപ്പെട്ട് നമ്മൾ നീങ്ങുകയാണ്. ബാഹ്യമായി നല്ല വസ്ത്രം ധരിച്ചിരിക്കുന്ന നമ്മുടെ ആത്മീയ വസ്ത്രത്തിന്റെ അവസ്ഥ എന്താണ്? സുഖസൗകര്യങ്ങൾ, വെറുതേയുള്ള കൂട്ടുകെട്ടുകൾ, അശ്ലീല സംഭാഷണങ്ങൾ ഇവയൊക്കെ നമ്മുടെ ആത്മീയ വസ്ത്രത്തിന്റെ പരിശുദ്ധിയെ കുറിച്ച് ചിന്തിക്കാൻ നമുക്കവസരം തന്നിട്ടില്ലായിരിക്കാം. എന്നാൽ ഇനിയും ഈ യാത്ര തുടരുവാൻ പാടില്ല. നമുക്ക് വിശുദ്ധിയാകുന്ന വസ്ത്രം അണിഞ്ഞ് ഈശോയുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങളാകാം. അതിനായി നിരന്തരം "പരിശുദ്ധാത്മാവേ എന്നെ വിശുദ്ധീകരിക്കണമേ" എന്ന് ഉരുവിടാം. നമ്മുടെ ആത്മീയ വസ്ത്രം തിളങ്ങി നിൽക്കട്ടെ.





# പരിശുദ്ധാത്മാവും സഭയും

ഉത്ഥാനം ചെയ്ത മിശിഹാ തന്റെ ദൗത്യം തുടരുവാൻ സഭയ്ക്ക് നല്കിയ ദാനമാണ് പരിശുദ്ധാത്മാവ്.

*"ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ"* (യോഹ 20:22).

പാറക്ക്ലേത്താ എന്ന നിലയിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത് മിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭയിലും സഭയിലൂടെയുമാണ്.

*"ഈ സത്യാത്മാവിനെ സ്വീകരിക്കുവാൻ ലോകത്തിനു സാധിക്കുകയില്ല...നിങ്ങൾ അവനെ അറിയുന്നു. കാരണം അവൻ നിങ്ങളോടൊത്തു വസിക്കുന്നു. നിങ്ങളിൽ ആയിരിക്കുകയും ചെയ്യും"* (യോഹ 14:17).

സഭയുടെ വിശ്വാസപ്രഖ്യാപനം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്.

*"ഈശോ കർത്താവാണ് എന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാദ്ധ്യമല്ല"* (1 കൊറി 12:3).

മാമ്മോദീസായിലൂടെയാണ് സഭാംഗങ്ങൾ അരൂപിയിലുള്ള ജീവിതത്തിലേയ്ക്ക് പ്രവേശിപ്പിക്കപ്പെടുന്നത്.

*"സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല"* (യോഹ3:5).

സ്ഥൈര്യലേപനം പരിശുദ്ധാത്മാവിനെ നല്കുന്ന ഒരു പ്രവേശനകൂദാശയാണ്.

*"പിന്നീട് അവരുടെമേൽ അവർ കൈകൾ വച്ചു: അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു"* (നട 8:17).

വി. കുർബാന അരൂപിയിലുള്ള ജീവനും വളർച്ചയ്ക്കും പോഷണമാണ്.

*"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല"* (യോഹ6:53).

അനുരഞ്ജനകൂദാശ അരൂപിയിലുള്ള ജീവിതത്തിന്റെ വീണ്ടെടുക്കലും നവീകരണവുമാണ്.

*"നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും"* (യോഹ20:22-23).



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയേ

**ബെറ്റി കച്ചിറ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശ്ലീഹന്മാർ വിശ്വാസത്തിൽ ശക്തിനേടി സുവിശേഷ പ്രഘോഷണത്തിനായ് ഇറങ്ങുന്ന സഭയുടെ വളർച്ചാ കാലഘട്ടത്തിൽ ജീവിക്കുന്ന നമുക്ക് ഏറ്റം വലിയ ശക്തിയും ധൈര്യവും നേടിത്തരുന്നത് പരി. അമ്മയാണ്. തന്റെ മാതൃസഹജമായ വാത്സല്യം സഭാമക്കൾക്കു പകർന്നു കൊടുത്തുകൊണ്ട് അമ്മ ഇന്നും തന്റെ ദൗത്യം തുടരുന്നു. സഭയുടെ മാതാവായ മനുജകുലത്തിനു മുഴുവൻ അമ്മയായ പരി. മറിയത്തിന്റെ മാധ്യസ്ഥ്യം നമുക്കു യാചിക്കാം. സഭാ ഗാത്രത്തെ, ഞങ്ങളെത്തന്നെ വിശുദ്ധീകരിക്കണമേ എന്ന് ഈ ജപമാലരഹസ്യങ്ങളിലൂടെ നമുക്ക് പ്രാർത്ഥിക്കാം.

**ഒന്നാം ദിവ്യരഹസ്യം:** *ആദിമ സഭാസമൂഹത്തോടൊപ്പം ആത്മാവിന്റെ വരവിനായ് പ്രാർത്ഥിക്കുന്ന അമ്മ.*

നമ്മുടെ സഭയെ പരി. അമ്മയുടെ കരങ്ങളിൽ കൊടുക്കാം. ആത്മാവിന്റെ ശക്തിയും ചൈതന്യവും അനുഭവിച്ചറിഞ്ഞ പരി. അമ്മ തീക്ഷ്ണതയാൽ നിറഞ്ഞ് പ്രേഷിതയായ് മാറി. അമ്മേ, ഞങ്ങളും ഞങ്ങളുടെ ശരിയായ ലക്ഷ്യത്തെ മുമ്പിൽ കണ്ടുകൊണ്ട് പ്രേഷിതതീക്ഷ്ണതയാൽ നിറയാൻ നീ ഞങ്ങൾക്കായ് പ്രാർത്ഥിക്കേണമേ...

**രണ്ടാം ദിവ്യരഹസ്യം:** *ലോകത്തിൽ ചരിക്കുന്ന സഭയ്ക്ക് തിന്മയുടെമേൽ പരിപൂർണ്ണ വിജയം നേടിത്തന്ന പരി. അമ്മ*

മാതാവേ, ഞങ്ങൾ ഈ ലോകത്തിൽ ജീവിക്കുമ്പോൾ ഈ ലോകത്തിന്റേതാകാതെ ലോകത്തിൽ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്നവരാകാൻ നീ ഞങ്ങൾക്കായ് പ്രാർത്ഥിക്കേണമേ.

**മൂന്നാം ദിവ്യരഹസ്യം:** *സഹനത്തിന്റെ സുവിശേഷം സന്തോഷപൂർവ്വം സ്വീകരിച്ച അമ്മ. ഭാഗ്യവതി എന്നു കീർത്തിക്കപ്പെടുമ്പോഴും കാൽവരിയിൽ ഹൃദയം രണ്ടായ് പിളർക്കപ്പെട്ടപ്പോഴും ഒന്നുപോലെ കർത്താവിന്റെ ദാസിയായവൾ*

സഭാഗാത്രത്തിന്റെയും ഞങ്ങളുടെ തന്നെയും ശരിയായ വളർച്ചയ്ക്ക് സഹനം കൂടിയേ തീരൂ എന്ന് ഞങ്ങളെ പഠിപ്പിച്ച അമ്മേ ഞങ്ങളുടെ ജീവിത സഹനങ്ങൾ സ്വർഗ്ഗീയ യാത്രയിലെ കുറുക്കുവഴികളായ് കാണുവാനും അവ സന്തോഷത്തോടെ സ്വീകരിച്ച് വിശുദ്ധിയിൽ എത്താനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ.

**നാലാം ദിവ്യരഹസ്യം:** *ലോകജനതയെ ഈശോയിലേക്ക്, വിശുദ്ധിയിലേക്ക് നയിക്കുന്ന അമ്മ*

ഈ ലോകത്തിൽ ആരേയും മാറ്റിനിർത്താതെ രക്ഷയിലേക്കു നയിക്കാൻ ഉത്ഥാനം ചെയ്ത മിശിഹായുടെ ഒപ്പം നിന്ന് എല്ലാവരേയും രക്ഷയിലേക്കും വിശ്വാസത്തിലേക്കും നയിക്കുന്ന പരി. അമ്മേ, ലോകത്തിന്റെ വഴികളിൽപ്പെട്ട് നട്ടംതിരിയുന്ന എല്ലാ മക്കൾക്കും നീ അമ്മയായ് കടന്നു ചെന്ന് അവർ നന്മയുടെ വഴിയെ ചരിക്കുവാൻ നീ പ്രാർത്ഥിക്കണമേ.

**അഞ്ചാം ദിവ്യരഹസ്യം:** *ദൈവജനത്തിന്റെ, സഭാഗാത്രത്തിന്റെ ഐക്യത്തിനായ് നിരന്തരം പ്രാർത്ഥിക്കുന്ന പരി. അമ്മ.*

ആദിമ ക്രൈസ്തവ സമൂഹത്തിന്റെ വിശ്വാസവും സ്ഥൈര്യവും വിശുദ്ധിയും കൈമുതലായി സ്വീകരിക്കുവാനും സഭാഗാത്രത്തിന്റെ വിശ്വാസവളർച്ചയ്ക്കായ് പ്രാർത്ഥിക്കുവാനും സഭയിന്നു നേരിടുന്ന വെല്ലുവിളികൾക്കുമുമ്പിൽ തളരാതെ മുന്നേറുവാനും ശക്തിയുള്ളവരായി വളരുവാൻ അമ്മേ നീ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.




# സമർപ്പിതർക്കുവേണ്ടിയുള്ള പ്രാർത്ഥന

പിതാവിനാൽ വിളിക്കപ്പെട്ടവരിൽ ഏറ്റവും വലിയ വിളി ലഭിച്ചവനായ ഈശോയേ, സമർപ്പിതയായ ഒരു കന്യകയിൽനിന്നും ജനിച്ച അങ്ങ് ഈ ലോകത്തിൽ ധാരാളം സമർപ്പിതർ ഉണ്ടായിരിക്കണമെന്നാഗ്രഹിച്ചുവല്ലോ! നാഥാ, സ്നേഹപൂർവ്വകമായ കടാക്ഷത്തോടും സ്നേഹത്തിന്റെ വിളിയോടെയും ഞങ്ങളുടെ മധ്യത്തിലേക്കു കടന്നുവരേണമെ. സമർപ്പണം ഇന്ന് ഏറ്റവും ആവശ്യമായിരിക്കുന്ന പാവപ്പെട്ട ഞങ്ങളുടെ മനുഷ്യകുലത്തിനുവേണ്ടി അങ്ങയോട് ഞങ്ങൾ യാചിക്കുന്നു.

ഇന്നത്തെ ലോകം ഞങ്ങളുടെ ഹൃദയങ്ങളെ എത്രമാത്രം അസ്വസ്ഥമാക്കുന്നുവെന്നും അങ്ങയുടെ സ്വരം ശ്രവിക്കുന്നതിന് ഞങ്ങൾക്ക് എത്രമാത്രം ബുദ്ധിമുട്ടനുഭവപ്പെടുന്നുവെന്നും അങ്ങേയ്ക്കറിയാമല്ലോ. ഞങ്ങളുടെ ബലഹീനതകളെയും ഈ ലോകത്തിലെ സന്തോഷത്തിനുവേണ്ടിയുള്ള ഞങ്ങളുടെ പ്രത്യേക താല്പര്യങ്ങളെയും അങ്ങു കാണുന്നുല്ലോ. അതിൽ കുടുങ്ങിപ്പോകുവാൻ ഞങ്ങളെ അനുവദിക്കരുതേ! ഞങ്ങളെ സംരക്ഷിച്ച് ഒരു യഥാർത്ഥ മാനസാന്തരത്തിലേക്ക് നയിക്കേണമെ. ദിവ്യ ഈശോയേ, അങ്ങയുടെ ക്ഷണത്തിന് മറുപടി നല്കിയ ഞങ്ങളുടെ എല്ലാ പുരോഹിതന്മാർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവർക്ക് ശക്തിയും ധൈര്യവും നല്കേണമെ. അങ്ങയുടെ സ്നേഹത്തിലുള്ള തീർച്ചയും അവരുടെ സമർപ്പണത്തിന്റെ ആഴമായ അർത്ഥവും അവർക്ക് മനസ്സിലാക്കിക്കൊടുക്കേണമെ.

ദിവ്യരക്ഷകാ, ആത്മാക്കൾക്കുവേണ്ടിയുള്ള അങ്ങയുടെ സഹിക്കുന്ന സ്നേഹത്തിന്റെ പ്രത്യേകത നിന്റെ മക്കൾ മനസ്സിലാക്കുകയും ജീവിക്കുകയും ചെയ്തിരുന്നുവെങ്കിൽ എന്ന് അങ്ങ് ആഗ്രഹിക്കുന്നുവല്ലോ. കുരിശിലെ നിന്റെ "ദാഹം" ശ്രവിക്കുന്നതിനും അങ്ങയുടെ ഈ സ്നേഹത്തിന് പൂർണ്ണമായും സ്വയം സമർപ്പിക്കുന്നതിനും കഴിവുള്ള മക്കളെ അങ്ങ് ഞങ്ങൾക്ക് പ്രദാനം ചെയ്യണമെ. സമർപ്പിതരായ ധാരാളം ആത്മാക്കളെ ഞങ്ങൾക്കു നല്കേണമെ. സ്നേഹത്താൽ കത്തിയെരിഞ്ഞ് അവസാനം അവർ അങ്ങുമായി കണ്ടുമുട്ടുന്നതുവരെ വിശ്വസ്തതയിൽ അവരെ കാത്തുസംരക്ഷിക്കേണമെ. ആമ്മേൻ.



പ്രതീക്ഷയുടെ പൂമൊട്ടുകൾ

വിചാരണ



# വിളവെടുപ്പു കാലം!

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
കാഞ്ഞിരപ്പള്ളി

**“ഈ** വർഷം സംഗതി സെറ്റപ്പായിരുന്നു...” “കഴിഞ്ഞ വർഷത്തേക്കാൾ എൺപത്തി ആറായിരം രൂപ കൂടുതലുണ്ട്...”

“വെറുതെയൊന്നുമല്ല, ഈ വർഷത്തെ സപ്ലിമെന്റ് നല്ല സെറ്റപ്പായിരുന്നു...”

വീണ്ടും മറ്റു ചില അടിപൊളി സെറ്റപ്പുകളുടെ വിശകലനങ്ങൾ തുടർന്ന ആ സംഭാഷണ ശകലങ്ങൾ ശ്രദ്ധയിൽപെട്ടത് കഴിഞ്ഞ പുതുഞായറാഴ്ചയാണ്. ഒരു പള്ളിയിലെ കുരിശുമല കയറ്റമാണ് വിഷയം. ഈ വർഷം കുരിശുമലയിൽ നടന്ന വമ്പിച്ച ‘വിളവെടുപ്പും’ അതിന്റെ കാരണങ്ങളുമൊക്കെ ആധികാരികമായി വിലയിരുത്തുകയാണവർ.

ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനങ്ങളുടെ ഫലങ്ങൾ ധ്യാനവിഷയമാക്കുന്ന കൈത്താക്കാലത്തേക്ക് നാം എത്തുകയാണ്. തീക്ഷ്ണതയാർന്ന വിശ്വാസ ജീവിത സമൂഹങ്ങളെയും അവരുടെ വിശ്വാസ ജീവിതത്തെയും ധ്യാനവിഷയമാക്കി രക്ഷാകരപദ്ധതിയോടു കൂടുതൽ ഉൾച്ചേർന്നു ജീവിക്കാനുള്ള പ്രചോദനവും പ്രോത്സാഹനവുമാണ് ഈ കാലഘട്ടം നമുക്കു നല്കുന്നത്.


എന്നാൽ ദിശ തെറ്റിയ വിശകലനങ്ങളും ക്രമം നഷ്ടപ്പെട്ട ജീവിതശൈലികളും സഭയുടെ ശരിയായ ചൈതന്യത്തിൽനിന്ന് ചിലരെയെങ്കിലും അകറ്റിനിർത്തുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. കഴിഞ്ഞ നോമ്പുകാലത്ത് നമ്മുടെ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ട പല സപ്ലിമെന്റുകളും പരസ്യങ്ങളും ഈ സത്യത്തിലേക്കു വിരൽ ചൂണ്ടുന്നവയാണ്. പ്രത്യേകിച്ചും കുരിശുമലകളുടെ പരസ്യങ്ങളിൽ തിളങ്ങിനിന്നിരുന്ന ഒരു കാര്യം ഓരോ സ്ഥലത്തേയും കുരിശുമലകളുടെ മുകളിൽ കയറിച്ചെല്ലുമ്പോൾ അവിടെനിന്നു കാണാൻ സാധിക്കുന്ന കാഴ്ചകളുടെ വിവരണങ്ങളായിരുന്നു. പരമാവധി ആളുകളെ തങ്ങളുടെ മലയിലേക്ക് ആകർഷിക്കാനുള്ള പരിശ്രമം. നാട്ടുകാരെ നാടുകാണിക്കാൻ കുരിശിന്റെ വഴിയെ ഉപകരണമാക്കുന്നവരുടെ ലക്ഷ്യം ഒന്നുമാത്രം. ‘വിളവെടുപ്പ്’ പരമാവധി ഉയർത്തണം. ലേഖനാരംഭത്തിൽ സൂചിപ്പിച്ച ആ സംഭാഷണങ്ങളിൽ തെളിയുന്ന സത്യമിതാണ്.

കുരിശുമലകയറ്റത്തിൽ അനുഷ്ഠിക്കുന്ന ധ്യാനമെന്തെന്ന് മല പണിയുന്നവർക്കും മലയിൽ അത്ഭുത രൂപങ്ങൾ സ്ഥാപിക്കുന്നവർക്കും ബോധമുണ്ടായിരുന്നെങ്കിൽ കുരിശുമരണത്തിന്റെ ചൈതന്യത്തെ പരിഹസിക്കുന്ന ഈ മലകയറ്റ മാമാങ്കം ഉണ്ടാകുമായിരുന്നില്ല. പലതരം സെറ്റപ്പ് പരിപാടികൾകൊണ്ട് ജനത്തെക്കൂട്ടി ഖജനാവു നിറയ്ക്കുന്നവർ വിശ്വാസജീവിതത്തിന് ഏല്പിക്കുന്ന ക്ഷതങ്ങൾ എത്ര വലുതെന്നു ചിന്തിക്കുന്നില്ല. രക്തസാക്ഷികളുടെ ചുടുനിണത്തിന്റെ വളക്കൂറിൽ പടർന്നു വികസിച്ച സഭയെ ധ്യാനിക്കുന്നതിനുപകരം രക്ഷാകരപദ്ധതിയിലെ സഹനയാത്രകളെ പിക്നിക് പാക്കേജുകളായി മാറ്റി ലാഭത്തിന്റെ കണക്കെടുപ്പു നടത്തുമ്പോൾ നഷ്ടപ്പെടുന്നത് സഭയുടെ ശരിയായ ചൈതന്യമാണ്. സഭയോടുചേർന്ന് ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുക എന്നതുമാത്രമാണ് ഇതുപോലെയുള്ള അപജയങ്ങൾക്കുള്ള ഏക പോംവഴി.



# പ്രോസാങ്ടിറ്റി മൂവ്മെന്റ്

“ഇതാകുന്നു ദൈവഹിതം - നിങ്ങളുടെ വിശുദ്ധീകരണം”
(1 തെസ 4,3).



ദൈവദാസനായ
ബിഷപ് വില്യം ജക്വീൻതാ

## പ്രോസാങ്ടിറ്റി ഫാമിലി

വിശുദ്ധിയുടെയും സാഹോദര്യത്തിന്റെയും സന്ദേശം ലോകം മുഴുവൻ പ്രചരിപ്പിക്കുന്നതിനുവേണ്ടി അക്ഷീണം പ്രയത്നിക്കുന്നവരാണ് പ്രോസാങ്ടിറ്റി ഫാമിലിയിലെ അഥവാ വിശുദ്ധിയുടെ പ്രേഷിതകുടുംബത്തിലെ അംഗങ്ങൾ. എല്ലായിടത്തും എല്ലാവരിലും എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് എല്ലായ്പോഴും വിശുദ്ധിയുടെയും സാഹോദര്യത്തിന്റെയും സന്ദേശം പ്രഘോഷിക്കുവാനും പ്രചരിപ്പിക്കുവാനും വേണ്ടി രൂപംകൊണ്ടതാണ് പ്രോസാങ്ടിറ്റി ഫാമിലി.

## പശ്ചാത്തലം

രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ അനുഭവിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടം. അക്കാലത്താണ് യുവവൈദികനായ ഫാ. വില്യം ജക്വീന്താ തന്റെ അജപാലനവൃത്തിക്ക് തുടക്കം കുറിക്കുന്നത്. യുദ്ധത്തിന്റെ കെടുതികൾ, അതിൽ നിന്നുളവായ മനുഷ്യബന്ധങ്ങളുടെ ശൈഥില്യം അദ്ദേഹത്തിന്റെ ഹൃദയത്തെ മുറിപ്പെടുത്തി. അനീതിയും അക്രമവും കൊലയും കൊള്ളിവയ്പും മനുഷ്യരുടെ ഇടയിൽ കൊടികുത്തിവാണു. ഏകപിതാവായ ദൈവത്തിന്റെ സ്നേഹം മനസ്സിലാക്കാത്ത, ദൈവത്തെയും സഹോദങ്ങളെയും സ്നേഹിക്കാത്ത മനുഷ്യരെ നോക്കി അദ്ദേഹത്തിന്റെ ഹൃദയം വേദനിച്ചു. സ്നേഹത്തിന്റെ അഭാവം ഒന്നുമാത്രമാണ് ഈ കെടുതികൾക്കെല്ലാം കാരണം എന്ന സത്യം അദ്ദേഹത്തിനു ബോധ്യമായി. അങ്ങനെ അനന്തനന്മയായ ദൈവം എല്ലാ മനുഷ്യരെയും സ്നേഹത്തിന്റെ പൂർണ്ണതയായ വിശുദ്ധിയിലേക്കു വിളിച്ചിരിക്കുന്നു എന്ന് എല്ലാവരെയും ബോധവാന്മാരാക്കുന്നതിനും അതിനുള്ള മാർഗങ്ങൾ സുഗമമാക്കിതീർക്കുന്നതിനുംവേണ്ടി 1947-ൽ അദ്ദേഹം “പ്രോസാങ്ടിറ്റി മൂവ്മെന്റ്” അഥവാ സ്നേഹ വിപ്ലവപ്രസ്ഥാനത്തിനു രൂപംകൊടുത്തു. 1947-ൽ മുഴങ്ങിയ വിശുദ്ധിയുടെ ഈ പ്രവാചകശബ്ദം രണ്ടാം വത്തിക്കാൻ കൗൺസിലിൽ സഭാതലത്തിലും അലകൾ ഉയർത്തി. തൽഫലമായി രണ്ടാംവത്തിക്കാൻ കൗൺസിൽ ഡിക്രിയിലെ ‘തിരുസ്സഭ’ എന്ന പ്രമാണരേഖയുടെ ഒരദ്ധ്യായം മുഴുവൻ ‘വിശുദ്ധിയിലേക്കുള്ള സാർവ്വത്രികവിളി’യെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. “ഏതു ജീവിതാന്തസ്സിലും പരിതസ്ഥിതികളിലും ആയിരുന്നാലും ക്രിസ്തീയ വിശ്വാസികൾ എല്ലാവരും ക്രൈസ്തവ ജീവിതത്തിന്റെ പൂർണ്ണതയും സ്നേഹത്തിന്റെ തികവും പ്രാപിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു” (L.G. 4). വിശുദ്ധിയിലേക്കുള്ള ഈ വിളിയുടെ വക്താവായിരുന്നു ഫാ. ജക്വീന്താ. വിശുദ്ധിയിലേക്കുള്ള വിളിയുടെ പ്രായോഗിക സാക്ഷാത്കാരത്തിനുവേണ്ടിയാണ് അദ്ദേഹം ‘പ്രോസാങ്ടിറ്റി ഫാമിലി’ക്ക് അല്ലെങ്കിൽ പരമാവധി സ്നേഹത്തിന്റെ പ്രേഷിത കുടുംബത്തിന് രൂപംകൊടുത്തത്.

പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

For private circulation only

"ഈശോയേ, അങ്ങയുടെ വിചാരം എന്നെ പ്രകാശിപ്പിക്കട്ടെ,
അങ്ങയുടെ വചനം എന്നെ നയിക്കട്ടെ,
അങ്ങയുടെ കണ്ണുകൾ എന്നെ അനുധാവനം ചെയ്യട്ടെ,
അങ്ങയുടെ കാതുകൾ എന്നെ കേൾക്കട്ടെ,
കുരിശിൽ വിടർത്തിയ അങ്ങയുടെ കൈകൾ
എന്നെ സാർവ്വത്രിക സ്നേഹത്തിലേയ്ക്ക് തുറക്കട്ടെ,
അളവും മടുപ്പും കൂടാതെ സഹോദരങ്ങൾക്ക്
സ്വയം കൊടുക്കുവാൻ എന്നെ ഉത്തേജിപ്പിക്കട്ടെ,
പിളർക്കപ്പെട്ട അങ്ങയുടെ ഹൃദയം
എന്റെ ജീവിതയാത്രയിൽ കൃപയുടെ ഉറവിടവും
എന്റെ വിശ്രമസങ്കേതവുമായിരിക്കട്ടെ".

ആമ്മേൻ.

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്